
# TRICHUR ARCHDIOCESAN BULLETIN

2024 ആഗസ്റ്റ് | വാല്യം: 91 | ലക്കം: 08




വെള്ളത്തിനുമീതേ നടക്കുന്നു. (യോഹ 6, 20)

# തിരുനാൾ ആശംസകൾ

## പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം



## ഓഗസ്റ്റ് 15

## സ്വാതന്ത്ര്യദിനാശംസകൾ

Trichur Archdiocesan Bulletin
TAB

ESTD:1934

ആഗസ്റ്റ് 2024
ലക്കം: 08 | വാല്യം: 91
08

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

സർക്കുലർ 04
സർക്കുലർ 08
സർക്കുലർ 12
കച്ചേരിക്കാര്യം 14
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 21
സഹായമെത്രാന്റെ പരിപാടികൾ 22
നാളാഗമം 23
നാമകരണ നടപടികൾ 27
വൈദികർ 31
സന്യസ്തർ 33
അതിരൂപത തീർത്ഥകേന്ദ്രം 37
സാമ്പത്തിക കാര്യാലയം 39
വിശ്വാസ പരിശീലനം 40
സ്ഥാപനങ്ങൾ 45
സംഘടനകൾ 58

# 1 സർക്കുലർ

## പി.ഒ.സി.
## കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

No. 4033/K-5/KCBC/OL/DS
15.07.2024

## തടവറ ശുശ്രൂഷാഞായർ

**11 ആഗസ്റ്റ് 2024**

ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവായ മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894–1941) തിരുനാൾ ആഗസ്റ്റ് പതിനാലാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്നവരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. ‘‘ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറി

യിച്ചു'' (യോഹ 15:15). തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെ ടുക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറി വീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചുപറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

**തടവറ ശുശ്രൂഷാഞായർ**

തടവറ പ്രേഷിതഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. ഭാരതത്തിലെ തടവറപ്രേഷിത ശുശ്രൂഷ (Prison Ministry India) ഒരു ആധ്യാത്മിക പ്രസ്ഥാനമാണ്. അത് തടവുപുള്ളികളു ടെയും അവരുടെ ഇരകളുടെയും മോചനത്തിനും നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതികൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ മക്കൾക്കുംവേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരിക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവന നിർമാണപദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. ജയിൽ മോചിതരായ പുരുഷന്മാർക്കുവേണ്ടി തൃശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്തും സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, മൺവിളയിലും പുനരധിവാസകേന്ദ്രനങ്ങൾ സ്നേഹാശ്രമം എന്ന പേരിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നുണ്ട്. തടവറയിൽ ആയിരിക്കുന്നവരുടെ മക്കൾക്കുവേണ്ടിയും ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ഭവനങ്ങളുണ്ട്. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽപുള്ളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി മാറിയ സംഭവങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനം വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതുപോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

ദൈവം പാപിയെ സ്നേഹിക്കുന്നു; എന്നാൽ പാപത്തെ വെറുക്കുന്നു. ദൈവപുത്രൻ ഈ ലോകത്തിലേക്ക് വന്നത് എല്ലാവരെയും

രക്ഷിക്കാനാണ്. ചുങ്കക്കാരനായ മത്തായിയെ യേശു വിളിച്ചു; കാരണം, ഈ പാപിക്ക് ഒരു ഭാവിദൗത്യമുണ്ടെന്ന് യേശുവിന് അറിയാമായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് ഈശോ മാപ്പു നല്കുകയും അവളെ ആശിർവദിക്കുകയും ചെയ്തു. കാരണം, അവൾക്കും നന്മനിറഞ്ഞ ഒരു ഭാവി ഉണ്ടെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴുതുന്നു: ''നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മ ളാണ്'' (EG. 3). ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ നവീകരിക്കുകയും പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവിടേയ്ക്കും ദൈവകൃപയുടെ പ്രവാഹമുണ്ട്. പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20). എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

**തടവറകളിലെ സ്ഥിതിവിവരകണക്ക്**

2022 ഡിസംബർ 31-ാം തീയതി National Crime Record Bureau പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220 തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറകളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീക്ഷിച്ച് കഴിയുന്നവരാണ്; 6283 പേർ വിദേശിയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോളതലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തുകൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, ''ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു'' (മത്താ 25:36).

**പ്രേഷിത മാർഗങ്ങൾ**

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും. 1. പ്രാർത്ഥനയിലൂടെ: ജയിലിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനുംവേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം. 2. സന്നദ്ധസേവനത്തിലൂടെ: മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പ

ര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കുവേണ്ടി ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനാകും. 3. സാമ്പത്തിക സഹായത്തിലൂടെ: തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാനതത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീതശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

ഉദാരമായ സംഭാവനകൾ നൽകി സഹായിക്കുന്ന എല്ലാ രൂപതകളോടും സന്യാസസമൂഹങ്ങളോടും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗുണകാംക്ഷികളോടും ഞങ്ങൾ ഹൃദയപൂർവം നന്ദി പറയുന്നു. നഷ്ടപ്പെട്ടവരെ തേടിവന്ന മിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും. ജീസസ്സ് ഫ്രട്ടേണിറ്റിയിലെ സന്നദ്ധസേവകരുടെ അകമഴിഞ്ഞ അധ്വാനത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. നമ്മുടെ മാതാവായ കന്യകമറിയവും പ്രത്യേക മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബേയും നമുക്കായി പ്രാർത്ഥിക്കുകയും നമ്മുടെ ശുശ്രൂഷകൾക്ക് ശക്തി പകരുകയും ചെയ്യട്ടെ.

കർത്താവായ ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
*ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ*
*ചെയർമാൻ, KCBC ജസ്റ്റിസ്, പീസ് ആൻഡ്*
*ഡെവലപ്പ്മെന്റ് കമ്മീഷൻ*

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
*വൈസ് ചെയർമാൻ,*
*KCBC ജസ്റ്റിസ്, പീസ് ആൻഡ്*
*ഡെവലപ്പ്മെന്റ് കമ്മീഷൻ*

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
*വൈസ് ചെയർമാൻ,*
*KCBC ജസ്റ്റിസ്, പീസ് ആൻഡ്*
*ഡെവലപ്പ്മെന്റ് കമ്മീഷൻ*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി – 682 025

# 2 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1336/2024 / 22.06.2024 C- 5

## മാർച്ച് ഫോർ ലൈഫ്

യേശുവിൽ പ്രിയ വികാരിയച്ചാ,

''ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു'' (ഉല്പത്തി 1: 27). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് മനുഷ്യജീവന് വില നൽകുന്നത്. അതുകൊണ്ടുതന്നെയാണ് സഭ മനുഷ്യജീവനെ അതിന്റെ ആരംഭം മുതൽ തന്നെ വിലമതിക്കുന്നതും ബഹുമാനിക്കുന്നതും. എന്നാൽ, മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനുതന്നെ അത്യന്താ പേക്ഷിതമായ ഈ മൂല്യം ഇന്നു നാം ജീവിക്കുന്ന സമൂഹത്തിൽ നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. അമ്മയുടെ ഉദരത്തിലുള്ള കുഞ്ഞുങ്ങളെ വധിക്കാനുള്ള അവകാശം സ്ത്രീസ്വാതന്ത്ര്യമാണ് എന്ന ചിന്ത സമൂഹത്തിന്റെ പുരോഗതിയായി പലരും കണക്കാക്കുന്നു. 1971-ൽ ഇന്ത്യയിൽ നിലവിൽ വന്ന അബോർഷനെ സംബന്ധിക്കുന്ന എം.ടി.പി. ആക്ട് 2021ൽ കൂടുതൽ ഉദാരമാക്കപ്പെട്ടു. ഗർഭാവസ്ഥയിൽ ആറുമാസമായ കുഞ്ഞിനെപോലും അമ്മയുടെ ഉദരത്തിൽ വച്ച് വധിക്കാൻ ഇന്ന് ഇന്ത്യൻ നിയമം അനുവദിക്കുന്നുണ്ട്. അതായത് 2021 മുതൽ ഇന്ത്യ

യിൽ ഗർഭാവസ്ഥയിൽ ആറുമാസത്തിനു ശേഷമേ ജീവിക്കാനുള്ള മൗലികാവകാശം നിയമം ഒരുവനു നൽകുന്നുള്ളൂ. താൻ പ്രസവിച്ച കുഞ്ഞിനെ കൊന്ന് കവറിലാക്കി ഫ്ളാറ്റിനു പുറത്തേക്കെറിഞ്ഞ അമ്മയുടെ വാർത്ത നമ്മെ ഞെട്ടിക്കുമ്പോഴും, അമ്മയുടെ ഉദരത്തിൽ വച്ച് കൊല്ലപ്പെടുന്ന കുഞ്ഞുങ്ങൾക്ക് നേരെ സമൂഹം കണ്ണടയ്ക്കുന്നത് മനുഷ്യജീവന്റെ മൂല്യത്തെ കുറിച്ച് വേണ്ടത്ര അവബോധം ഇല്ലാത്ത തുകൊണ്ടാണ്. പിറന്നുവീണയുടനെ കുഞ്ഞിനെ നശിപ്പിക്കുന്നത് കൊലപാതകവും, ആറാം മാസം വരെ അങ്ങനെ ചെയ്യുന്നത് അബോർഷനും ആകുന്നു എന്ന വൈരുദ്ധ്യം സമൂഹം തിരിച്ചറിയു ന്നില്ല. അമ്മയുടെ ഉദരത്തിൽ വച്ച്, അക്ഷരാർത്ഥത്തിൽ കശാപ്പു ചെയ്യപ്പെടുന്ന കുഞ്ഞുങ്ങൾ സംഘടിതരല്ല; അവർക്ക് ഉച്ചത്തിൽ നിലവിളിക്കാൻ പോലുമാകുന്നില്ല. ഈ ശബ്ദമില്ലാത്തവരുടെ ശബ്ദ മാകാൻ നമുക്ക് ബാധ്യതയുണ്ട്.

ആരോഗ്യ രംഗത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് നിഷ്കളങ്ക രക്തം ചൊരിയുന്ന നാടായി മാറിയിരിക്കുന്നു. ഉദരത്തിൽ ഉരുവാക്കപ്പെട്ട കുരുന്നു ജീവനുകളെ നിഷ്കരുണം കൊലചെയ്യുവാൻ സ്വന്തം അമ്മയ്ക്ക് പോലും മടിയില്ല. വന്യജീവികൾക്കും വളർത്തുമൃഗങ്ങൾക്കും മനുഷ്യജീവനേക്കാൾ വിലയുള്ളതായി കണക്കാക്കപ്പെടുന്ന സംസ്കാരം രൂപപ്പെടുന്നു.

തുടർച്ചയായ വന്യജീവി ആക്രമണങ്ങൾ മൂലം മനുഷ്യർ കൊല്ല പ്പെടുന്ന അവസ്ഥയാണ് നമ്മുടെ നാട്ടിൽ നാം കാണുന്നത്. ഇന്ത്യൻ ഭരണഘടന പൗരന് മൗലിക അവകാശമായി നൽകിയിട്ടുള്ള സ്വത്തിനും ജീവനുമുള്ള സംരക്ഷണം, തുടർച്ചയായി ലംഘിക്കപ്പെ ടുന്ന വാർത്തകളാണ് നമ്മൾ ചുറ്റും കാണുന്നത്. മനുഷ്യന് സംര ക്ഷണം നൽകേണ്ടവർ മൃഗപക്ഷത്ത് ചേർന്ന് നിൽക്കുന്നതായാണ് നാം കാണുന്നത്. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള സർക്കാർ സംവിധാനങ്ങൾക്ക് അതിന് സാധിക്കാതെ വരുമ്പോൾ ജീവൻ മുറുകെപ്പിടിച്ച് പ്രാണരക്ഷാർത്ഥം, ജീവിക്കുന്ന മണ്ണ് ഉപേക്ഷിച്ച് പോകേണ്ട അവസ്ഥയിലാണ് മലയോര ജനങ്ങൾ.

മനുഷ്യജീവനെക്കാൾ മൃഗങ്ങളുടെ ജീവന് വില കൽപ്പിക്കുന്ന വർതന്നെ മറുവശത്ത് ഭ്രൂണഹത്യയിലൂടെ മനുഷ്യജീവൻ ഇല്ലാതാ ക്കാൻ നിയമനിർമ്മാണം നടത്തുന്നു. ഭാരതത്തിൽ 2015 –2019 കാല ഘട്ടത്തിൽ 1,66,00,000 ഭ്രൂണഹത്യകൾ നടന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. അതായത് വർഷം തോറും 33,20,000 കുഞ്ഞുങ്ങൾ വധിക്കപ്പെട്ടു. (India | Guttmacher Institute). ലോകത്താകമാനം വർഷം

തോറും ഏതാണ്ട് 73 മില്യൺ (7,30,00,000) ഗർഭസ്ഥശിശുക്കൾ അബോർഷനിലൂടെ വധിക്കപ്പെടുന്നു. ഇന്ന് ജനനശേഷം വധിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ വാർത്തകൾ നാം കേൾക്കുന്നു. ഭാരതത്തിൽ പല ഇടങ്ങളിലുമുള്ള പെൺശിശുഹത്യ (Female foeticide) പോലെയുള്ള അതിക്രമങ്ങൾ ഇന്ന് കേരളത്തിലും വന്ന് തുടങ്ങി.

അബോർഷൻ എന്ന ഓമനപ്പേരിൽ ഭ്രൂണഹത്യ യിലൂടെ കോടിക്കണക്കിന് മനുഷ്യജീവനുകളാണ് കൊലചെയ്യപ്പെട്ടത്. ഈ സാഹചര്യത്തിൽ ജീവനും ജീവിതവും സംരക്ഷിക്കപ്പെടണം എന്ന ആശയം മുൻനിർത്തി, 1971 ലെ എം.ടി.പി. ആക്റ്റ് ഭ്രൂണഹത്യാനിയമം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ സംഘടിപ്പിക്കപ്പെടുന്ന മൂന്നാമത്തെ 'ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024' എന്ന നാഷണൽ റാലി 2024 ആഗസ്റ്റ് 10-ാം തീയതി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. അന്നേ ദിവസം രാവിലെ 9 മണി മുതൽ വിവിധ ഭാഷകളിൽ സെമിനാറുകൾ നടത്തുന്നു. ദിവ്യബലിക്കുശേഷം ഉച്ചകഴിഞ്ഞ് 2 മണിയോടെ ആരംഭിക്കുന്ന പൊതുസമ്മേളനത്തെ തുടർന്ന് ഇന്ത്യാസ് മാർച്ച്ഫോർ ലൈഫിന്റെ റാലി, മ്യൂസിക് ബാൻഡ്, നാടകം എന്നിവ സംഘടിപ്പിക്കുന്നു. ഇന്ത്യയുടെ മുഴുവൻ സംസ്ഥാനങ്ങളിൽ നിന്നും രൂപതകളിൽ നിന്നുമുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പ്രസ്തുത പരിപാടി വിജയമാക്കുവാൻ എല്ലാവിധ സഹായ സഹകരണങ്ങളും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഇന്ത്യാസ് മാർച്ച്ഫോർ ലൈഫ് പരിപാടികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ഇടവകകളിൽ നടത്തുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

1. ജൂലൈ മാസത്തിലെ കത്തോലിക്കാ സഭ പത്രത്തിന്റെ കൂടെ കൊണ്ടുവരുന്ന പോസ്റ്റർ ഇടവക നോട്ടീസ് ബോഡിൽ പ്രദർശിപ്പിക്കുക.

2. ഈ സർക്കുലറിനോടൊപ്പം നൽകുന്ന ഒപ്പ് ശേഖരണ ഫോറത്തിന്റെ കോപ്പികൾ എടുത്ത് സിഗ്നേച്ചർ ക്യാമ്പയിൻ സംഘടിപ്പിച്ച് ഇടവകതലത്തിൽ ഒപ്പുശേഖരണം നടത്തി അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ എത്തിക്കുക.

3. 2024 ആഗസ്റ്റ് 4ന് ഞായറാഴ്ച ഇടവകാംഗങ്ങളെ കൊണ്ട് ജീവസംരക്ഷണ പ്രതിജ്ഞ എടുപ്പിക്കുക. (ആഗസ്റ്റ് 4ന് ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാണ്. അന്നേദിവസം എല്ലാ വൈദികർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക).

4. ജൂലൈ അവസാനത്തിലെ ഒരു ഞായറാഴ്ച ഇടവകയിലെ യുവജനങ്ങളെയും മറ്റും പങ്കെടുപ്പിച്ചു കൊണ്ട് ജീവന്റെ മൂല്യത്തിന്റെ പ്രചരണാർത്ഥം ഒരു മാർച്ച് ഫോർ ലൈഫ് റാലി (സൈക്കിൾ, ബൈക്ക്) സംഘടിപ്പിക്കുക.

5. 2024 ആഗസ്റ്റ് 10ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ഉച്ച കഴിഞ്ഞ് 2 മണിക്ക് നടക്കുന്ന പൊതുസമ്മേളനത്തിലും തുടർന്നുള്ള റാലിയിലും ഓരോ ഇടവകയിൽ നിന്നും കൈക്കാരന്മാർ, പ്രതിനിധി യോഗാംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, മതാധ്യാപകർ, സംഘടനാ ഭാരവാഹികൾ, പ്ലസ് ടു-എ.സി.സി. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്നിവരെയെങ്കിലും പങ്കെടുപ്പിക്കേണ്ടതാണ്.

ദൈവം ദാനമായി തന്ന മനുഷ്യജീവൻ ഇല്ലാതാക്കാൻ മനുഷ്യന് അവകാശവും അധികാരവുമില്ല എന്ന അവബോധം സമൂഹത്തിൽ സൃഷ്ടിക്കുവാനും മനുഷ്യജീവന്റെ മൂല്യം ഉയർത്തിപ്പിടിക്കാനും നമുക്ക് കൈക്കോർക്കാം. ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ ആശംസകൾ നേർന്നു കൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

---

NB: *ഈ സർക്കുലർ 2024 ജൂലൈ 14ന് പള്ളികളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ വായിക്കേണ്ടതാണ്.* +AT

# 3 സർക്കുലർ

**മാർ ആൻഡ്രൂസ് താഴത്ത്**

1452/2024 / 12.07.2024 C- 6

## വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

''കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗ്രഹീതൻ; അവന്റെ പ്രത്യാശ അവിടുന്നുതന്നെ. അവൻ ആറ്റുതീരത്തു നട്ട മരംപോലെയാണ്....... ഓരോ മനുഷ്യനും അവന്റെ ജീവിതരീതിക്കും പ്രവൃത്തിക്കും അനുസരിച്ച് ഞാൻ പ്രതിഫലം നല്കും' (ജറെ. 17:7–10) എന്ന തിരുമൊഴികളുടെ അനുഗ്രഹവും അഭിഷേകവും ജീവിതം മുഴുവൻ ഏറ്റുവാങ്ങിയവളായിരുന്നു വി.എവുപ്രാസ്യ. വിശുദ്ധിയുടെ വിജയരഹസ്യങ്ങൾ അനാവരണം ചെയ്ത അമ്മയുടെ സുകൃതങ്ങളെ മറനീക്കി കാണുവാനും, സ്വന്തമാക്കുവാനും ഒരവസരംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു.

നിരന്തരമായ പ്രാർത്ഥനയുടെയും, തിരുഹൃദയത്തോടുള്ള ഭക്തിയുടെയും, എളിയജീവിതത്തിന്റെയും മാതൃകയായിരുന്നു നമ്മുടെ എവുപ്രാസ്യമ്മ.

ദൈവഹിതത്തോടുള്ള വിധേയത്വം, രോഗികളോടുള്ള പരിഗണന, പാവങ്ങളോടുള്ള കരുതൽ, നീണ്ട മണിക്കൂറിലെ ദിവ്യകാരുണ്യ സാന്നിധ്യം, നിരന്തരമായ ജപമാലസമർപ്പണം തുടങ്ങി എല്ലാം അവളുടെ സുകൃതാഭ്യാസങ്ങളായിരുന്നു. ഈ സുകൃതവഴികൾ നമുക്കും പരിചിതമാകട്ടെ.

കേരളസഭയ്ക്കും സി. എം. സി. സന്യാസിനീസമൂഹത്തിനും അഭിമാനമായ വി. എവുപ്രാസ്യാമ്മയുടെ കബറിടം തൃശ്ശൂർ അതിരൂപതയിൽ ഒല്ലൂരിൽ സ്ഥിതിചെയ്യുന്നു എന്നത് നമുക്ക് ഏറെ അനുഗ്രഹപ്രദമാണ്. വിശുദ്ധയുടെ കബറിടത്തിലേക്ക് ആയിരങ്ങൾ കടന്നു വന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ഈ വർഷത്തെ വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ആഗസ്റ്റ് 29ന് വ്യാഴാഴ്ച നാം ആചരിക്കുകയാണ്. തിരുനാളിനൊരുക്കമായി 2024 ആഗസ്റ്റ് 20 ചൊവ്വാഴ്ച മുതൽ നവനാൾ തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. നവനാൾ ദിനങ്ങളിൽ രാവിലെ 11.00 മണിയ്ക്കും വൈകീട്ട് 5.00 മണിക്കും ആഘോഷമായി വി. കുർബാനയും നവനാൾ പ്രാർത്ഥനയും പ്രത്യേകമായി ഉണ്ടായിരിക്കുന്നതാണ്.

മരിച്ചിട്ടും നമ്മെ മറക്കാത്ത വി. എവുപ്രാസ്യമ്മയുടെ തിരുനാളിനോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹങ്ങളേറ്റുവാങ്ങാൻ നിങ്ങളോരോരുത്തരേയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. തൃശൂർ അതിരൂപതയിലെ ദൈവജനം മുഴുവനേയും എല്ലാ കുടുംബങ്ങളേയും വി. എവുപ്രാസ്യമ്മയുടെ മാധ്യസ്ഥ്യം വഴി, ഈശോയുടെ തിരുഹൃദയത്തിലേക്ക് സമർപ്പിക്കുന്നു. ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ 2024 ആഗസ്റ്റ് 11ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**ആഗസ്റ്റ് 2024**

1 : പതിനഞ്ചു നോമ്പാരംഭം
: വി. അൽഫോൻസ് ലിഗോരി
3 : ആദ്യവെള്ളി
4 : കൈത്താ അഞ്ചാം ഞായർ
: വി. ജോൺ മരിയ വിയാനി
6 : കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ
8 : വി. ഡൊമിനിക്
9 : വി. ശ്മോനിയും ഏഴുമക്കളും
11 : കൈത്താ ആറാം ഞായർ
: വി. ക്ലാര
14 : വി. മാക്സ്മിലൃൻ കോൾബേ
15 : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം
: ഇന്ത്യൻ സ്വാതന്ത്ര്യദിനം
16 : വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും
18 : കൈത്താ ഏഴാം ഞായർ
21 : വി. പത്താം പിയൂസ്
24 : വി. ബർത്തലോമിയോ ശ്ലീഹാ
25 : ഏലിയാ-സ്ലീവ-മൂശ ഒന്നാം ഞായർ
28 : വി. അഗസ്റ്റിൻ
29 : വി. എവുപ്രാസ്യ

**2. ആഗസ്റ്റ് മാസത്തെ പരിപാടികൾ**

13 : ആലോചനസമിതി യോഗം (10:30 am)
15 : മതബോധന മെറിറ്റ് ഡേ

**3. ഏലിയാ-സ്ലീവ-മൂശ കാലങ്ങൾ :**

ഏലിയാ-സ്ലീവ-മൂശ കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വ

സിച്ചു പോന്നു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകമായി കരുതുന്നു. സെപ്തംബർ 14ന് ശേഷമുള്ള ഞായറിനെ സ്ലീവ ഒന്നാം ഞായറായി പരിഗണിക്കുന്നു. മിശിഹായുടെ ദ്വിതീയാഗമനത്തിനു മുമ്പ് ആകാശമധ്യത്തിൽ മഹത്വ പൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് ഈശോ പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതു കൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ പ്രത്യേ കമായി അനുസ്മരിക്കുന്നു. സത്യദൈവത്തിന്റെ പ്രവാചകരെയും അവരിലൂടെ ദൈവം നൽകിയ ആഹ്വാനങ്ങളെയും സന്ദേശങ്ങളെയും ഉൾക്കൊണ്ട്, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫല ങ്ങൾ പുറപ്പെടുവിച്ച് കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങാൻ ഈ കാലത്തിൽ സഭ നമ്മെ ക്ഷണിക്കുന്നു.

**4. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2024 നവംബർ 9-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹ ത്തിന്റെ വിവിധ തലങ്ങളിൽ 2023 ജൂൺ 1 മുതൽ 2024 ജൂൺ 1 വരെ യുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേ ടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്ര മാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപന ങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാം ഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണി ക്കുന്നതല്ല).

- താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധ പ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-10-2024 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷ പ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ട താണ്.
- അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധി കാരികളും ശ്രദ്ധിക്കണം.

- സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

<u>1. വിദ്യാഭ്യാസരംഗം</u>

2023–24 അധ്യയനവർഷത്തിൽ

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

<u>2. കായികം</u>

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ– ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

<u>3. കലാസാഹിത്യ രംഗം</u>

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം

ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

<u>4. മറ്റു രംഗങ്ങൾ</u>

4.1 സി.ബി.സി.ഐ., കെ.സി.ബി.സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേതാണ്).

*NB: 1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.*

*2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.*

**8. തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2024 ആഗസ്റ്റ് 5-ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേ ദിവസവും സമയക്രമവും 2024 മെയ് മാസത്തെ അതിരൂപതാബുള്ളറ്റിനിൽ സാമ്പത്തിക കാര്യാലയവാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല. പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ ചുരുങ്ങിയത് 6 എണ്ണമെങ്കിലും കൊണ്ടു വരുവാൻ നിർദ്ദേശിക്കുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേദിവസം അറിയിക്കുന്നത് നല്ലതാണ്. തെരട്ടുകൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. മറ്റുകൈക്കാരന്മർ വരുന്നതിന് തടസമില്ല.

2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവു ചെലവു കണക്ക്(രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്-ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ- (രണ്ടുകോപ്പി), സ്കൂളുകളുണ്ടങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും 50,000-ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേതാണ്.

3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടുസംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭ വരിസംഖ്യയും സാമ്പത്തികകാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം 1/2%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്ത തിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം. വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**9. വൈദികരുടെ വാർഷികധ്യാനം :**


ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 8 മുതൽ 13 വരെയും (ജറുസലെം ധ്യാനകേന്ദ്രം) സെപ്തംബർ 15 മുതൽ 20 വരെയും 22 മുതൽ 27 വരെയും (മേരിമാത മേജർ സെമിനാരി) മൂന്നു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനഗുരു : ബഹു. ഫാ. റോയ് പാലാട്ടി സി. എം. ഐ.

- ആദ്യബാച്ച് ജറുസലെം ധ്യാനകേന്ദ്രത്തിലും രണ്ടും മൂന്നും ബാച്ചുകൾ മേരിമാതാ മേജർ സെമിനാരിയിലും വച്ചാണ് നട ത്തുന്നത്. മുഴുവൻ സമയവും ധ്യാനത്തിൽ പങ്കെടുക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി (പുതുക്കാനുള്ളവർ), മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടുവരണം.
- അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയും വേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടു ക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷി കധ്യാനം നടത്തി കുമ്പസാരപത്തേന്തിയും (പുതുക്കാനുള്ളവർ) കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.
- വാർഷികധ്യാനത്തിന്റെ ലിസ്റ്റ് ജൂലൈ മാസത്തിലെ ബുള്ളറ്റി നിൽ കൊടുത്തിട്ടുണ്ട്. ബാച്ച് മാറുന്നതിന് താത്പര്യപ്പെടുന്നവർ മറ്റു ബാച്ചുകളിലുള്ളവരുമായി വേണ്ട ക്രമീകരണം നടത്തി ആയതിന്റെ പേരുവിവരം അതിരൂപത കാര്യാലയത്തിൽ അറിയി ക്കേണ്ടതാണ്.

**10. വൈദികനിയമനം**

1. ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ – പഠനാവധി; അസി. ഡയറക്ടർ എം. ഐ. ആശുപത്രി ഒഴിവായി; സാധുത 2024 ജൂൺ 12 മുതൽ.
2. ഫാ. ലിൻസൺ തട്ടിൽ – കപ്ലോൻ ഹോളി സ്പിരിറ്റ് സി.എസ്. എസ്. ജനറലേറ്റ് ഒഴിവായി; സാധുത 2024 ജൂൺ 29 മുതൽ.
3. ഫാ. സൈജോ തൈക്കാട്ടിൽ – കപ്ലോൻ ഹോളി സ്പിരിറ്റ് സി. എസ്. എസ്. ജനറലേറ്റ് കൂടി; സാധുത 2024 ജൂൺ 29 മുതൽ.
4. ഫാ. ഫ്രാൻസിസ് പാറയിൽ SDV – സഹവികാരി പുത്തൻപീടിക ഒഴിവായി; സാധുത 2024 ജൂൺ 28 മുതൽ.
5. ഫാ. ജോബിഷ് പാണ്ട്യാമാക്കിൽ SDV – സഹവികാരി പുത്തൻപീടിക; സാധുത 2024 ജൂൺ 28 മുതൽ.
6. ഫാ. ജസ്റ്റിൻ കൈതാരത്ത് – പറോക്ക് സഹായി കൂടി; സാധുത 2024 ജൂലൈ 1 മുതൽ.



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS
## AUGUST 2024
**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Thu | Morning | Holy Mass @ Marymatha Major Seminary |
| 4 | Sun | | Pastoral Visit @ Attupuram |
| | | Evening | Vianney Day @ Vianney Bhavan Cheroor |
| 5-9 | | | KCBC Meeting & Retreat @ Mount St. Thomas |
| 10 | Sat | 9am - 6pm | CBCI March for Life |
| | | Morning | Fifth child's baptism @ Kottekad |
| | | | Inauguration of Practitioners' Conference @ Marymatha Major Seminary |
| 12 | Mon | Evening | House blessing & MI Trust Meeting @ MI Hospital |
| 13 | Tue | Morning | Consultors' Meeting |
| | | Evening | JMMC Trust Meeting |
| 14 | Wed | Evening | Engaged |
| 15 | Thu | Morning | Holy Mass, Centinary of the Parish @ Koonammoochi |
| | | Evening | Catechism Merit Day @ DBCLC |
| 16 | Fri | Morning | PAROC 10th Anniversary, Holy Mass @ Marymatha Major Seminary |
| 18 | Sun | Morning | Holy Mass @ Euphrasia Centre, Ollur |
| 19-31 | | | Synod of Syro-Malabar Bishops @ Mount St. Thomas |

# ENGAGEMENTS

## AUGUST 2024

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Monthly Recollection : Pudukkad |
| 03 | Sat | Morning | Vestition & First Profession CHF @ Pattikkad |
| 04 | Sun | Morning | Holymass @ Cheroor Vianney Bhavan |
| | | Afternoon | Deaf and Dump Pre-Cana @ Family Apostolate |
| 05-09 | | | KCBC |
| 10 | Sat | Morning | India's March for Life |
| 11 | Sun | Morning | Enterpreneurs Conclave@ JMMH |
| 12 | Mon | Morning | Trust Meeting of MI @ Engandiyoor |
| 13 | Tue | Morning | Holymass @ MMMS |
| | | | Consultors Meeting |
| | | Evening | Trust Meeting @ JMMH |
| 14 | Wed | Morning | Holymass @ SMMS |
| | | Afternoon | Trust Meeting @ STC |
| 15 | Thu | Morning | Golden Jubilee Inauguration of Parish @ Mundathikode |
| | | Afternoon | Catechism Merit Day @ DBCLC |
| 16 | Fri | Morning | 10th Anniversary of PAROC@ MMMS |
| 17 | Sat | Morning | Golden Jubilee @ Padavarad |
| 19-31 | | Morning | Synod and Major Archiepiscopal Assembly |



# നാളാഗമം

## ജൂൺ 2024

1. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി.ബി.സി.എൽ.സി. യിൽ വിശ്വാസപരിശീലനവർഷം ഉദ്ഘാടനം ചെയ്തു.

2. ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ ശ്രാദ്ധചരണത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചേലക്കര ഇടവകയിൽ വി. കുർബാനയർപ്പിച്ചു. കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യയുടെ തിരുനാളിനോട് അനുബന്ധിച്ചുള്ള നൊവേന കുർബാനയർപ്പിച്ചു.

3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പതിയാരം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. അഭിവന്ദ്യ പിതാക്കന്മാർ കെ. സി. ബി. സി.യിൽ പങ്കെടുക്കാനായി പോയി.

4–6. മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.

5. മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന ദീപിക ദിനപത്രത്തിന്റെ അപെക്സ് ബോർഡ് യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

7. അതിരൂപതാ കാര്യലയത്തിൽ വച്ചു നടന്ന ഫിനാൻസ് കൗൺസിൽ യോഗ

ത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

8. ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ അധ്യയന വർഷത്തിന്റെ ഉദ്ഘാടനം ഡി.ബി.സി. എൽ.സി.യിൽ നിർവഹിച്ചു. ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചന്റെ 61-ാം ശ്രാദ്ധാചരണത്തോട് അനുബന്ധിച്ച് വൈകീട്ട് ചേലക്കര ഫോറോന പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

9. ഡിഗ്രി പഠനത്തിനായി വീടുകളിലേക്കു പോകുന്ന വൈദിക വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമായി അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചു സംവദിച്ചു. തൃശ്ശൂർ അതിരൂപതയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സൊസൈറ്റിയുടെ ഇന്റർനാഷണൽ പ്രസിഡന്റ് ബ്രദർ ജുവാൻ മാനുവൽ ബ്യൂർഗോ ഗോമസിന് കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ചു നല്കിയ സ്വീകരണത്തിൽ പങ്കെടുക്കുകയും, പാവങ്ങൾക്കായി ആരംഭിക്കുന്ന ഡയാലിസിസ് പ്രൊജക്റ്റ് പ്രസ്തുത യോഗത്തിൽ വച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

10. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപതാ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പാവങ്ങൾക്കായി തയ്യൂരിൽ നിർമ്മിച്ച ഭവനങ്ങളുടെ ആശീർവാദം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവഹിച്ചു. ആഗസ്റ്റ് 10ന് തൃശ്ശൂരിൽ വച്ചു നടക്കുന്ന 'മാർച്ച് ഫോർ ലൈഫിനു വേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥന ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ കാര്യാലയത്തിൽ വച്ചു നടന്ന ജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ ഗവേണിംഗ് ബോഡി യോഗത്തിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് തിരുവില്വാമല ഗുരുകുലത്തിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

14. അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന അതിരൂപതാ സ്ഥാപന

ങ്ങളിലെ ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു.

16. അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന കത്തോലിക്കാ കോൺഗ്രസ് എക്സിക്യൂട്ടീവ് ഇലക്ഷൻ യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു.

20. അതിരൂപതാ കേന്ദ്രത്തിൽ കൂടിയ പ്രെസ്ബിറ്ററൽ കൗൺസിൽ യോഗത്തിലും അതിനുശേഷം നടന്ന ആലോചന സമിതി യോഗത്തിലും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് അധ്യക്ഷത വഹിച്ചു.

22. വൈകീട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ചേറൂരുള്ള NEST ഡിഅഡിക്ഷൻ സെന്ററിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും പുതിയ ഗ്രോട്ടോ ആശീർവദിക്കുകയും ചെയ്തു.

24. പറോക് ഗവേഷണകേന്ദ്രം ഒരുക്കുന്ന Diploma in Pastoral Counselling എന്ന ഓൺലൈൻ കോഴ്സ് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.

26. മേയ്ക്കാട്ടുകുളം പോളി & ടിന്റു ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് പഴുവിൽ ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. ഡി.ബി.സി.എൽ.സി.യിൽ നടന്ന കോർപറേറ്റ് എജ്യുക്കേഷനൽ ഏജൻസിയുടെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. കാച്ചേരിയിലുള്ള ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗിലെ B.Sc. Nursing വിദ്യാർത്ഥികളുടെ Graduation Ceremonyയിൽ അധ്യക്ഷത വഹിച്ചു.

27. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ ഏകദിനയോഗം ഡി.ബി.സി.എൽ.സി.യിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ അധ്യക്ഷതയിൽ നടന്നു.

28. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മേരിമാത മേജർ സെമിനാരി സന്ദർശിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. തലോർ ജീസസ് അക്കാദമി സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ആശീർവാദകർമ്മവും ഉദ്ഘാടനവും നിർവഹിച്ചു.

29. മണ്ണുത്തി ഇടവകയിൽ പുതുതായി നിർമ്മിച്ച സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റ് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ആശീർവദിച്ചു. തൃശ്ശൂർ സാഗർ ഭവനിൽ വച്ചു നടന്ന ബഹു. ഫാ. ജോർജ് തോട്ടുങ്കൽ സി.എം.ഐ.യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന, കാലിക്കറ്റ് സർവകലാശാലയ്ക്കു കീഴിലുള്ള ക്രിസ്റ്റ്യൻ ചെയറിന്റെ വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു.

വൈകീട്ട് പെരുവല്ലൂർ ദൈവാലയത്തിൽ വി. അന്തോണീസിന്റെയും വി. മറിയം ത്രേസ്യയുടേയും തിരുശേഷിപ്പുകൾ സ്ഥാപിക്കുകയും, ചികിത്സാ സഹായം വിതരണം ചെയ്യുകയും ചെയ്തു.

30. 8-ാമത് ക്രിസ്തുരാജത്വ സന്ദേശറാലിയ്ക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണംകുളങ്ങര ക്രിസ്തുരാജ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ നേതൃത്വത്തിൽ സ്വീകരണം നല്കി. വരാപ്പുഴ രൂപതയുടെ പുതിയ സഹായ മെത്രാനായ മോൺ. ആന്റണി വാലുങ്കലിന്റെ വല്ലാർപാടത്തു വച്ചു നടന്ന മെത്രാഭിഷേക കർമ്മത്തിൽ സംബന്ധിച്ചു.

# നാമകരണ നടപടികൾ

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനിയാഴ്ചാചരണം**

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം ശനിയാഴ്ചാചരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചത് തൈക്കാട്ടുശ്ശേരി സെന്റ് പോൾ ചർച്ച് വികാരി ബഹു. സ്റ്റാഴ്സൺ കള്ളിക്കാടൻ അച്ചനായിരുന്നു. പടിഞ്ഞാറെ കല്ലൂർ, പുലക്കാട്ടുകര, ചിറ്റിശ്ശേരി, തൈക്കാട്ടുശ്ശേരി എന്നിവിടങ്ങളിൽ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. തൈക്കാട്ടുശ്ശേരി സെന്റ് പോൾ ചർച്ച്, ചിറ്റിശ്ശേരി സെന്റ് മേരീസ് ചർച്ച്, പുലക്കാട്ടുകര ഔർ ലേഡി ഓഫ് കാർമ്മൽ ചർച്ച്, പടിഞ്ഞാറെ കല്ലൂർ ഔർ ലേഡി ഓഫ് റോസറി ചർച്ച് എന്നീ ഇടവകകളിൽ നിന്നും ധാരാളം വിശ്വാസികളും ആദ്യന്തം തിരുകർമ്മങ്ങളിൽ പങ്കെടുത്തു. നെല്ലങ്കരയിൽനിന്നുള്ള പുതുക്കാടൻ പി. ടി. ആന്റോയും കുടുംബവുമാണ് ജൂലൈ മാസത്തിലെ തിരുകർമ്മങ്ങൾ ഏറ്റെ ടുത്തു നടത്തിയത്.

ബഹു. സ്റ്റാഴ്സൺ കള്ളിക്കാടൻ അച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ : കൂടെ ആയിരിക്കുവാനാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ദിവ്യബലി അർപ്പണം, സ്വീകരണം എന്നിവ ദൈവത്തിന്റെ കൂടെ

ആയിരിക്കുവാനുള്ള വലിയ സന്ദർഭമാണ് – ദൈവവുമായി സഹവാസത്തിലായിരിക്കുക. പഴയ നിയമത്തിൽ ദൈവത്തോടുകൂടെ ജീവിച്ച പ്രവാചകരിൽ ഒരാളായിരുന്നു ജെറമിയാ പ്രവാചകൻ. ജീവിതത്തിലെ സങ്കടകരമായ കാര്യങ്ങൾ ഒന്നുംതന്നെ തന്റെ ജീവിതത്തെ ബാധിക്കാതെയും, ഒരു കാര്യത്തെക്കുറിച്ചും ഭയമില്ലാതെ ജീവിക്കാനുള്ള കൃപയും ഇതുവഴി പ്രവാചകനു ലഭിച്ചു. ധന്യനായ ഊക്കനച്ചന്റെ ജീവിതവും പ്രവാചകന്റെ ജീവിതവുമായി അഭേദ്യമായ ബന്ധമുള്ളതായിരുന്നുവെന്ന് നമുക്ക് കാണാം. വലിയ പ്രതിസന്ധികളും പ്രതിബന്ധങ്ങളും വരുമ്പോൾ ആത്മവിശ്വാസത്തോടെ അതിനെയെല്ലാം നേരിടുവാൻ, ദൈവം തന്റെ കൂടെയുണ്ട്, താൻ ദൈവത്തിന്റെ ഉള്ളിലാണ് എന്ന ബോധ്യം അദ്ദേഹത്തെ നിരന്തരം സഹായിച്ചിരുന്നു. തിരുഹൃദയത്തിൽനിന്നും ഒരിക്കലും അകലാതിരിക്കാൻ സ്ഥിരം അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. ദൈവത്തിന്റെ ഉള്ളിൽ ആയിരിക്കാനുള്ള സാഹചര്യം സദാ അദ്ദേഹം സൃഷ്ടിക്കുമായിരുന്നു. അങ്ങനെ ദിവ്യകാരുണ്യത്തോട് ചേർന്നിരുന്ന ഒരു പുണ്യവൈദികനാണ് ഊക്കനച്ചൻ. അതിനാലാണ് തൃശ്ശൂർ പട്ടണത്തിൽ വലിയ ഉത്തരവാദിത്വങ്ങളിൽ, വലിയ പദവികളിൽ ആയിരിക്കുമ്പോൾ അകലെ കുന്നംകുളത്ത് പോയി പാവങ്ങളെയും പാപികളെയും സംരക്ഷിക്കാൻ, ക്രിസ്തുവിനായി നേടിയെടുക്കാൻ, അവരോടുകൂടെയായിരുന്നുകൊണ്ട് അവർക്കും ഈശോയുടെ ഉള്ളിൽ കയറിയിരിക്കാൻ അവസരങ്ങൾ സൃഷ്ടിക്കാൻ താൻ ബാധ്യസ്ഥനാണ് എന്ന് അദ്ദേഹം തന്റെ ഡയറിയിൽ എഴുതിവെച്ചതും പിന്നീട് ഈ നാട്ടിൽവന്ന് കുന്നംകുളംകാരുടെ കണ്ണിലുണ്ണിയായി മാറിയതും. മേരിയുടെയും മർത്തയുടെയും കൂടെയിരുന്ന് അവരുടെ സങ്കടം തിരിച്ചറിഞ്ഞ് അവരോടുകൂടെ കരഞ്ഞ് (ലോകചരിത്രത്തിൽ ഇന്നേവരെ ഒരു ദൈവവും കരഞ്ഞിട്ടില്ല) അവരുടെ സഹോദരനെ തിരിച്ചു നൽകിയ ദിവ്യഗുരുവിനെ ആത്മാർത്ഥമായി ഊക്കനച്ചൻ അനുഗമിച്ചു ഒപ്പം അനുകരിച്ചു – കരുണാർദ്രസ്നേഹം സ്വന്തമാക്കുകയും ചെയ്തു. ഇന്ന് ഈ ദിവ്യബലി അർപ്പിക്കുമ്പോൾ കർത്താവ് നമ്മോടും പറയുന്നുണ്ട് : ''അകലെനിന്നും അരികെനിന്നും മാറി നീ എന്റെ അകത്താകണമെന്ന്.'' ഈശോയുടെ അകത്താണോ നാമായിരിക്കുന്നത്? എങ്കിൽ എന്റെ കൂടെയുള്ളവരെയൊക്കെ ചേർത്തുനിറുത്തുവാൻ എനിക്കും സാധിക്കും. ധന്യനായ ഊക്കനച്ചനെപ്പോലെ. നമുക്കങ്ങനെ ആയിത്തീരാം. ഊക്കനച്ചൻ എത്രയും വേഗം അൾത്താരവണക്കത്തിന് പ്രാപ്തനാകട്ടെയെന്ന് പ്രാർത്ഥിക്കാം.

ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



വി. കുർബ്ബാനയെപ്പറ്റി അന്തോണിയച്ചൻ സ്വീകരിച്ചിരുന്ന ചില ഉൾക്കാഴ്ചകൾ മുമ്പ് വിശദീകരിച്ചതിന്റെ തുടർച്ചയാണ് താഴെക്കൊടുക്കുന്നത്. സ്വർഗ്ഗപിതാവിനോടുള്ള പുത്രസഹജമായ നമ്മുടെ സമർപ്പണമാണ് ബലി വ്യക്തമാക്കുന്നത്. ബലി ദൈവത്തിലേക്കുള്ള ഒരു പ്രയാണമാണ്. നമ്മുടെ കാഴ്ച അത് സ്വീകരിക്കപ്പെടണം എന്ന നമ്മുടെ ആഗ്രഹം ബലിയിൽ വ്യക്തമാകുന്നു. ദൈവത്തിന്റെ കൂട്ടായ്മയ്ക്കും സഹായത്തിനുമുള്ള നമ്മുടെ ആഗ്രഹം ബലി വ്യക്തമാക്കുന്നു. ഈ ആഗ്രഹം ദൈവത്തിലുള്ള നമ്മുടെ പൂർണ്ണ ആശ്രയത്വത്തെയും സൂചിപ്പിക്കുന്നു. എല്ലാത്തിന്റെ ഉറവിടവും 'പൂർത്തീകരണവും' ദൈവമാണെന്ന് ബലി വ്യക്തമാക്കുന്നു. അവിടുന്ന് എല്ലാം പൂർത്തീകരിക്കാൻ നാം നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്ക

ണം. ദൈവത്തിന്റെ നമുക്കായുള്ള സ്വയം ദാനത്തിന് എളിമയോടെയുള്ള നമ്മുടെ പ്രാർത്ഥനയാണ് ബലി. എന്തെങ്കിലും മെച്ചം ആഗ്രഹിക്കുന്ന യാചകന്റെ അരൂപിയല്ല ബലിയുടെത്. അടിമത്തം ഏറ്റുപറയാൻ നിർബന്ധിതനാകുന്ന അടിമയുടെ മനോഭാവവുമല്ലിത്. സ്നേഹത്തോടെ വിശ്വസ്തതയോടെ തന്റെ പിതാവിലുള്ള ആശ്രയം ഏറ്റുപറഞ്ഞ് പിതാവിന്റെ സ്നേഹം സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഒരു കുഞ്ഞിന്റെ അരൂപിയാണ് ബലിയർപ്പകന് വേണ്ടത് വി. തോമസ് അക്വീനാസ് പറയുന്നതുപോലെ ബലിയെ അതിന്റെ ഉറവിടമായ ദൈവത്തിലേക്ക് ബന്ധപ്പെടുത്തണം. അത് ദൈവത്തിലേക്ക് ചരിക്കുന്നതിനാൽ ദൈവത്തിൽ മാത്രമേ അതിനു പൂർണ്ണത കണ്ടെത്താനാകൂ.

ബലിയുടെ യഥാർത്ഥ ഉദ്ദേശ്യവും ലക്ഷ്യവും നാലായി കാണാം. ആരാധന, നന്ദിപ്രകാശനം, മാപ്പപേക്ഷ, യാചന. ഒറ്റവാക്കിൽ ബലിയുടെ അടിസ്ഥാനം ആരാധനാപൂർണ്ണമായ, നന്ദിപൂർവ്വകമായ, അനുതാപാർദ്രമായ കാത്തിരിക്കുന്ന സ്നേഹമാണ്.

ഒരു ചെറിയ അപ്പവും വീഞ്ഞും പ്രതീകങ്ങൾ മാത്രമാണ്. നമ്മുടെ തന്നെ പ്രതീകങ്ങൾ. ദൈവത്തിന് നമ്മുടെ സമ്മാനം ആവശ്യമില്ല. അവിടുത്തേക്ക് നമ്മെയാണ് വേണ്ടത്. നമ്മുടെ ഹൃദയവും മനസും. അതാണ് ഈ കാഴ്ചവസ്തുക്കൾ അർത്ഥമാക്കുന്നത്.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ജോൺ പുത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജിതിൻ നെല്ലങ്കര | 15 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. സിനോജ് നീലങ്കാവിൽ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 23 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജിജോ എടക്കളത്തൂർ | 24 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 31 |




| | |
|---|---|
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. സെബി വെളിയൻ | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ജിബി വാഴപ്പിള്ളി | 10 |
| ഫാ. ഡേവിസ് ചിറമ്മൽ Sr. | 21 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. അനുവിൻ താണിക്കൽ | 29 |
| ഫാ. ജോൺസൻ ഊക്കൻ | 29 |




| | |
|---|---|
| ഫാ. പൗലോസ് എടച്ചേരി | 26.08.1891 |
| ഫാ. വർക്ക്ഷീസ് മുത്തേടൻ | 17.08.1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15.08.1917 |
| മോൺ. ജോൺ പാലോക്കാരൻ | 19.08.1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15.08.1950 |
| ഫാ. ജോസ് പറമ്പൻ Sr. | 17.08.1954 |
| ഫാ. ജേക്കബ് പനക്കൽ | 04.08.1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07.08.1955 |
| ഫാ. ജോർജ്ജ് പാനികുളം | 14.08.1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21.08.1961 |
| ഫാ. ജോൺ ചിറമ്മൽ Sr. | 03.08.1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ Sr. | 27.08.1968 |
| ഫാ. ജോസഫ് തറയിൽ | 11.08.1969 |
| ഫാ. ജേക്കബ് ആളൂർ | 11.08.1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25.08.1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26.08.1978 |
| ഫാ. ജോസഫ് പുളിക്കൻ Sr. | 09.08.1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12.08.1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30.08.1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08.08.2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13.08.2005 |
| ഫാ. പോൾ അരിക്കാട്ട് | 16.08.2005 |
| ഫാ. ആന്റണി പൊറത്തൂർ | 04.08.2007 |
| ഫാ. ബാബു ചേലപ്പാടൻ | 12.08.2017 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ജൂൺ 2024**

### എസ് എ ബി എസ്

സ്ഥാപകപിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 99–ാം ചരമവാർഷികാചരണവും പൗരോഹിത്യ ശതോത്തരരജത ജൂബിലി എന്നിവ ജൂൺ ഒന്നാം തിയതി നടന്നു. ഓരോ പ്രേ ാവിൻസിലും നിശ്ചിത ദിവസം സുപ്പിരിയേഴ്സിനെ വിളിച്ചുകൂട്ടി തിരുമണിക്കൂർ നടത്തി പ്രൊവിൻഷ്യൽ സുപ്പീരിയർ ഓരോ ഭവന സമൂഹത്തിലേയും സുപ്പീരിയറിന് ചരമശതാബ്ദി ദീപം തെളിച്ചു നൽകി. ജൂൺ 9 മുതൽ 14 വരെ, നെന്മണിക്കര കോൺവെന്റിൽ വച്ച് പ്രോവിൻസിലെ സിസ്റ്റേഴ്സിനായി സംഘടിപ്പിച്ചിരിക്കുന്ന 5 ദിവസത്തെ പ്രാർത്ഥനാദിനങ്ങളുടെ ആദ്യബാച്ച് ആരംഭിച്ചു. ജൂൺ 14 മുതൽ 19 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ പ്രേ ാവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ ഔദ്യോഗിക സന്ദർശനം നടത്തി. നെന്മണിക്കര കോൺവെന്റിൽ വച്ച് പ്രേ ാവിൻസിലെ സിസ്റ്റേഴ്സിനായി സംഘടിപ്പിച്ചിരിക്കുന്ന 5 ദിവസത്തെ പ്രാർത്ഥനാദിനങ്ങളുടെ രണ്ടാമത്തെ ബാച്ച് ജൂൺ 16 ന് ആരംഭിച്ചു. ജൂൺ 16 ന് വികർ പ്രൊവിൻഷ്യൽ സി. മേഴ്സിറ്റ കണ്ണമ്പുഴ പേ ാസ്റ്റുലൻസിന് ക്ലാസ് നൽകി. ജൂൺ 21 ന് നടത്തിയ March for Life ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ സംബ ന്ധിച്ചു. ജൂൺ 25 ന് ജനറലേറ്റ് സെനക്കളിൽ വച്ച് നടത്തിയ പ്രേ ാവിൻഷ്യൽ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ ബ. മദർ പങ്കെടുത്തു. ജൂൺ 27 ന് പടവരാട് മഠത്തിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. സി. ഷാൻ മരിയ പാല്യേക്കര, ജൂണിയർ സിസ്റ്റേഴ്സിനായി വിശുദ്ധ കുർബാനയെക്കുറിച്ച് ക്ലാസ് നൽകി. ജൂൺ 29 വി. പത്രോസ്, പ ൗലോസ് ശ്ലീഹാരുടെ തിരുനാൾദിനം സീനിയേഴ്സ് ദിനമായി ആചരിച്ചു. എല്ലാ ഭവനസമൂഹങ്ങളിലും, വിശുദ്ധ കുർബാന സ്നേ ഹവിരുന്ന്, കലാപരിപാടികൾ എന്നിവയ്ക്ക് ജൂണിയർ സിസ്റ്റേഴ്സ് നേതൃത്വം നൽകി.

### സി എച്ച് എഫ് നവജ്യോതി

06.06.24 സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസി ൽ 8 ദിവസങ്ങളായി നടത്തി വരുന്ന വിശുദ്ധ മറിയം ത്രേസ്യയുടെ നൊവേനയിൽ ജൂനിയർ സിസ്റ്റേഴ്സ് അമ്മയുടെ സുകൃതങ്ങളെ

കുറിച്ച് പ്രസംഗം പറയുകയും നൊവേന സമാപന ദിവസം സമുചിതമായി ആഘോഷിക്കുകയും ചെയ്തു. 08.06.24 സി എച്ച് എഫ് നവജ്യോതി പ്രോവിൻസിന്റെ വിവിധ ഭവനങ്ങളിൽ നിന്നും കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യയുടെ തിരുനാളിൽ സംബന്ധിക്കുവാൻ സിസ്റ്റേഴ്സ് ഇടവകാംഗങ്ങളെ കൊണ്ടു പോവുകയും അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. 09.06.24 സി എച്ച് എഫ് നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ ഒളരി ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വിശുദ്ധ മറിയം ത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു. 15.06.24 സി.എച്ച്എഫ് നവജ്യോതി കല്യാൺ മിഷന്റെ പുതിയ ഭവനത്തിന്റെ വെഞ്ചിരിപ്പും സ്കൂളിന്റെ ഉദ്ഘാടനവും 2024 ജൂൺ 15ന് കല്യാൺ രൂപത അധ്യക്ഷൻ മാർ തോമസ് ഇലവനാൽ നിർവഹിച്ചു. 17.06 സി എച്ച് എഫ് നവജ്യോതി പ്രോവിൻസ് ഒറീസ മിഷനിൽ പുതിയതായി ആരംഭിച്ച Holy Family Convent, Odagaon -ന്റെ വെഞ്ചിരിപ്പ് കർമ്മം ജൂൺ 17ന് നടത്തപ്പെട്ടു. 22.06.24 സി എച്ച് എഫ് നവജ്യോതി പ്രൊവിഷ്യൽ സുപ്പീരിയർ സി.ജെസ്സി തെരേസ് ചേലക്കര ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിന്റെ മെറിറ്റ് ഡെയ്ക്ക് അധ്യക്ഷപദം അലങ്കരിച്ച് സംസാരിച്ചു. 26.06.24 സിഎച്ച്എഫ് നവജ്യോതി വികാർ പ്രൊവിൻഷ്യൽ സി. ഷെറിൻ മരിയ കണ്ടശാംകടവ് സി എം സി സ്കൂളിൽ പി ടി എ ക്ക് Amiable Parenting in the Current Generation എന്ന വിഷയത്തെക്കുറിച്ച് മാതാപിതാക്കൾക്കും class നൽകി. 29.06.2024 സി എച്ച് എഫ് നവജ്യോതി കോപ്പറേറ്റ് മാനേജ്മെൻറിന് കീഴിലുള്ള കൊഴുക്കുള്ളി സ്വരാജ് സ്കൂളിൽ ഫാ.ബാസ്റ്റിൻ ആലപ്പാട്ടിന്റെ നേതൃത്വത്തിൽ തിരുഹൃദയ പ്രതിഷ്ഠയും വെഞ്ചിരിപ്പും നടത്തി. 04.07.24 സി എച്ച് എഫ് നവജ്യോതി കോപ്പറേറ്റീവ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലേക്ക് ടീച്ചേഴ്സിനെ സെലക്ട് ചെയ്യുതിനുള്ള ഇന്റർവ്യൂ കോപ്പറേറ്റീവ് മാനേജർ സി.ജെസ്സിൻ തെരേസിന്റെയും എഡ്യുക്കേഷൻ കൗൺസിലർ സി.ജോസ്ഫിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ടു.

**സി. എസ്. എസ്. സ്നേഹോദയ**

എളവള്ളി സെന്റ് ആന്റണിസ് ഇടവകയിൽ ഹോം മിഷൻ നടത്തി. സ്നേഹോദയ പ്രൊവിൻസിന്റെ പുതിയ മിഷൻ ഝാന്ദായിൽ ചാമോർഷി എന്ന സ്ഥലത്ത് ജൂൺ 15 ന് ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിന് ബഹു. സുപ്പീരിയർ ജനറലും പ്രൊവിൻഷ്യൽ സുപ്പീരീയറും പങ്കെടുത്തു. വി. പൗലോസ്ലിഹായുടെ തിരുന്നാൾ ദിനമായ ജൂൺ 29 ന് സ്ഥാപകദിനം ആഘോഷിച്ചു. സ്ഥാപകദിനത്തോടനുബന്ധിച്ച് മണ്ണുത്തിയിലുള്ള സ്ഥാപകപിതാവിന്റെ വസതിയിൽ പ്രാർത്ഥനശുശ്രൂഷ നടത്തി. മണ്ണുത്തിയിലുള്ള വെട്ടിക്കൽ എന്ന സ്ഥലത്ത് പുതുതായി നിർമ്മിച്ച ഹോളിസ്പിരിറ്റ് ജനറലേറ്റിന്റെ

ഉദ്ഘാടനവും വെഞ്ചിരിപ്പുകർമ്മവും ജൂൺ 29 ന് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**സി.എം.സി.**

ജൂൺ 1 ന് 7 ജൂനിയർ സിസ്റ്റേഴ്സ് ആലുവ ജനറലേറ്റിൽ ജൂണിയറേറ്റ് കോഴ്സിൽ പ്രവേശിച്ചു. ജൂൺ 5 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ തൃശൂർ സെന്റ് മേരീസ് കോളേജിന്റെ Autonomous പ്രഖ്യാപനം നടത്തി. സി.എം.സി മാനേജ്മെന്റിന്റെ കീഴിൽ സ്കൂളുകളിൽ ജോലിചെയ്യുന്ന ടീച്ചേഴ്സിനുവേണ്ടിയുള്ള Seminar & Merit Day ജൂൺ 8 ന് കുരിയച്ചിറ സെന്റ് പോൾസ് ഓഡിറ്റോറിയത്തിൽ നടത്തി. 600 ടീച്ചേഴ്സ് സംബന്ധിച്ചു. Sr. Dr. Sherin Maria CHF ഇവർക്ക് ക്ലാസ് നൽകി. 8മുതൽ 18 വരെ വികർ പ്രൊവിൻഷ്യൽ സി. സാലി പോൾ CMC ആഗോളമിഷന്റെ ഭാഗമായി തൃശൂർ നിർമലാപ്രോവിൻസിന്റെ പുതിയ പ്രേഷിതമേഖലയായ Suriname (South America) ൽ പ്രഥമസന്ദർശനം നടത്തി. സീറോമലബാർസഭയിലെ ഐക്യത്തിനുവേണ്ടി ജറൂസലേമിൽ നടന്ന ഉപവാസപ്രാർഥനയിൽ 4 സിസ്റ്റേഴ്സ് പങ്കെടുത്തു. 13 മുതൽ ജൂലൈ 3 വരെ പ്രോവിൻസ് മുഴുവൻ അഖണ്ഡജപമാലയും മറ്റു പ്രാർഥനകളും ഈ നിയോഗത്തിനായി ചൊല്ലി. 15 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് Administration Secretariat meeting നടത്തപ്പെട്ടു. ജൂൺ 17 ന് തൃശൂർ കാർമൽ ശാന്തിധാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് സൈക്കോളജി സെന്ററിൽ ഈ വർഷത്തെ Psychospiritual Renewal & Counselling one year diploma course പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. 20 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ ആഘോഷമായ 13 മണിക്കൂർ ആരാധനയിൽ ലോകം മുഴുവനുവേണ്ടിയും വളരെ പ്രത്യേകമായി സീറോമലബാർസഭയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചു. ഒല്ലൂർ സെന്റ് മേരീസ്, ഹോളി ചൈൽഡ്സ് ചെറളയം എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനിക സന്ദർശനം നടത്തി.

**എഫ്.സി.സി.**

ജൂൺ 2ന് Aided & Unaided വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ എന്നിവർക്കായി മീറ്റിംഗ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. അന്നേദിനം ASSSET Education Scheme ന്റെ ഭാഗമായി അസ്സീസി കോർപ്പറേറ്റിലെ വിവിധ സ്കൂളിൽ അർഹരായ പാവപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 2000/- രൂപയുടെ School Kit വിതരണം ചെയ്തു. മരത്താക്കര ബ്ലസഡ്

സാക്രമെന്റ് കോൺവെന്റിൽ വച്ച് ജൂൺ 8-ാം തീയതി ഫോർമേഷൻ ഡേ ആഘോഷിച്ചു. കുട്ടംകുളം ആബാ കോൺവെന്റിൽ വച്ച് വൊക്കേഷൻ ക്യാമ്പ് നടത്തി. ഇന്നേദിനം പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും പരിഹാരദിനം ആചരിച്ചു. വിയ്യൂരിൽ ജൂൺ 9 ന് ആരംഭിച്ച Extension Centre -ൽ താമസിച്ച് 3 സിസ്റ്റേഴ്സ് ശുശ്രൂഷ ആരംഭിച്ചു. ജൂൺ 15-ാം തീയതി ഉപവാസപ്രാർത്ഥനാസമ്മേളനം അരിമ്പൂർ സെന്റ് ജെമ്മാസ് കോൺവെന്റിൽ വച്ചു നടത്തി. ജൂൺ 23-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ സോഷ്യൽ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ എല്ലാ ഭവനങ്ങളിൽ നിന്നുള്ള ലോക്കൽ സോഷ്യൽ പ്രോമോട്ടേഴ്സ്, ഫ്രീ ബോർഡിംഗിന്റെ ചാർജ്ജുള്ള സിസ്റ്റേഴ്സ് എന്നിവർ സംബന്ധിച്ചു.

**സി എസ് സി**

ജൂൺ 15 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ വെണ്മയുടെ നേതൃത്വത്തിൽ മരിയ പ്രവിശ്യയിലെ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്കായി മീറ്റിംഗ് നടത്തി. തുടർന്ന് ഗാഗുൽത്താ ധ്യാനകേന്ദ്രത്തിലെ ഡയറക്ടർ ബഹു. ഫാ. ബെന്നി പീറ്ററിന്റെ നേതൃത്വത്തിൽ പുതിയതായി നിയമിക്കപ്പെട്ട എല്ലാ മദർ സുപ്പീരിയേഴ്സിനും പ്രാർത്ഥനാഗ്രൂപ്പംഗങ്ങൾക്കുമായി ക്ലാസ്സും അഭിഷേകാരാധനയും ഉണ്ടായിരുന്നു. ജൂൺ 17 ന് മരിയ പ്രവിശ്യയിലെ എല്ലാ വിദ്യാലയങ്ങളിലെയും അധ്യാപകർക്കായി DICERN - Make A Difference എന്ന പേരിൽ ഒരു ഒത്തുകൂടൽ സംഘടിപ്പിച്ചു. മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കണ്ടറി വിദ്യാലയത്തിലെ അധ്യാപകനും അസോസിയേറ്റ് NCC ഓഫീസറുമായ സ്റ്റിജു മാസ്റ്ററിന്റെ ക്ലാസും ചർച്ചകളും ഉണ്ടായിരുന്നു.

## ആദരാഞ്ജലികൾ



17.06.2024 സി.എം.സി. ചേറൂർ സെന്റ് സേവ്യേഴ്സ് മഠാംഗമായ സി. സെറിൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടന്നു.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

പാലയൂർ സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാനതർപ്പണ തിരുനാളിന് രാവിലെ 6:30ന് ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ യുടെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയോടുകൂടെ ആഘോ ഷങ്ങൾക്കു തുടക്കമായി. തുടർന്ന് ലദീഞ്ഞയും, നൊവേനയും, തളിയകുളകരയിൽ നിന്നും കൊടിയേറ്റ പ്രദക്ഷണവും ഉണ്ടായിരുന്നു. തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, സഹ വികാരി ഫാ. ഡെറിൻ അരിമ്പൂർ എന്നിവർ ചേർന്ന് നേർച്ച ഊട്ട് ആശിർവാദം നിർവഹിക്കുകയും, ഊട്ട് നേർച്ച നൽകി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ജൂലൈ 13,14 തീയതികളിൽ നടന്ന തർപ്പണ തിരുനാളിന്റെ കൊടിയേറ്റം തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. തീർത്ഥകേന്ദ്രത്തിലെ നവീകരിച്ച ചരിത്ര മ്യൂസിയത്തിന്റെ ആശീർവാദവും മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു.

തർപ്പണ തിരുനാളിന്റെ ഭാഗമായി ജൂലൈ 4–ാം തിയ്യതി മുതൽ ജൂലൈ 13–ാം തിയ്യതി വരെ ദേവാലയത്തിൽ നവനാൾ കുർബാന യും, ലദീഞ്ഞയും, നൊവേനയും ഉണ്ടായിരുന്നു. തിരുനാളിനോട് അനുബന്ധിച്ചുള്ള കലാപരിപാടികൾ ജൂലൈ 7 ഞായറാഴ്ച മുതൽ ആരംഭിച്ചു. ജൂലൈ 12 വെള്ളിയാഴ്ച വൈ കീട്ട് 5:30 ന്റെ ദിവ്യബ ലിക്ക് പ്രസുദേന്തിവാഴ്ചയും, ദിവ്യബലിക്ക് ശേഷം ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം ചാവക്കാട് പോലിസ് സ്റ്റേഷൻ എസ്.ഐ ശ്രീജേഷ് നിർവഹിക്കുകയും ചെയ്തു. സ്വിച്ച് ഓൺ കർമ്മത്തിന് ശേഷം കലാസന്ധ്യയുടെ ഭാഗ മായി ഇടവകയിലെ അംഗങ്ങളെ അണി നിരത്തി കൊണ്ട് 'പുണ്യങ്ങൾ പൂക്കുന്ന തീരം' എന്ന നാട കവും അരങ്ങേറി.

ജൂലൈ 13 ശനിയാഴ്ച വൈകീട്ട് 5:30ന്റെ ദിവ്യബലിക്കു ശേഷം കൂടുതുറക്കൽ ശുശ്രുഷയോടുകൂടി തിരുനാൾ തിരുക്കർമങ്ങൾക്ക് ആരംഭം കുറിച്ചു. ദിവ്യബലിക്കും, കൂടുതുറക്കൽ ശുശ്രുഷകൾക്കും വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ കാർമികത്വം വഹിച്ചു. ഉച്ചക്ക് 2 മണിയോടുകൂടി ആരംഭിച്ച വീടുക ളിലേക്കുള്ള അമ്പ്, വള, ശൂലം എഴുന്നള്ളിപ്പുകൾ രാത്രി 10 മണി യോടെ പള്ളിയങ്ക

ണത്തിൽ സമാപിച്ചു. തുടർന്ന് വർണ്ണമഴയും, കുടുംബ കൂട്ടായ്മ കളുടെ നേതൃത്വത്തിൽ മെഗാ ബാൻഡ് മേളവും ഉണ്ടായിരുന്നു.

ജൂലൈ 14 ഞായർ രാവിലെ ആഘോഷമായ ദിവ്യബലിക്കും ലദീഞ്ഞ്, നൊവേന തുടങ്ങിയ തിരുകർമ്മങ്ങൾക്കും വികാരി ജനറാൾ മോൺ.ജോസ് കോനിക്കര മുഖ്യകാർമികത്വം നൽകി. മേരിമാതാ മേജർ സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ തിരുനാൾ സന്ദേശവും നൽകി. തീർത്ഥ കേന്ദ്രം അസി വികാരി ഫാ ഡെറിൻ അരിമ്പൂർ സഹ കാർമികനായി.

ഉച്ചതിരിഞ്ഞ് തളിയകുളകരയിൽ നടന്ന സമൂഹമാമോദീസയ്ക്ക് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വിവിധ രൂപതകളിലെ ഇടവകകളിൽ നിന്നായി പത്ത് നവജാത ശിശുക്കൾ വിശ്വാസത്തിന്റെ ഈറ്റില്ലമായ പാലയൂരിൽ പ്രാഥമിക കൂദാശകളായ മാമ്മോദീസ, തൈലാഭിഷേകം, വി. കുർബാന എന്നിവ സ്വീകരിച്ചു. രാവിലെ 6:30 മുതൽ ഉച്ചക്ക് 2:30 വരെ ഊട്ട് നേർച്ച, നേർച്ച പായസം എന്നിവ ഭക്തജനങ്ങൾക്ക് സ്വീകരിക്കുന്നതിനായി പാർസൽ സൗകര്യവും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞ് 4:30ന് നടന്ന തിരുനാൾ സമാപന ദിവ്യബലിക്ക് ഇടവക അംഗങ്ങളായ ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, ഫാ. ഫ്രാൻസിസ് മുട്ടത്ത് എന്നിവർ കാർമ്മികരായി. ദിവ്യബലിക്ക് ശേഷം മാർ തോമശ്ലീഹ തർപ്പണാത്ഭുതം നടത്തിയ തളിയക്കുളം ചുറ്റി ജൂതൻ കുന്ന് കപ്പേളയിലേക്ക് തിരുനാൾ പ്രദക്ഷണവും ഉണ്ടായിരുന്നു. 2024ലെ ദുക്റാന തർപ്പണതിരുനാൾ ബന്ധപ്പെട്ടുള്ള കാരുണ്യപ്ര വർത്തികളുടെ ഭാഗമായി ഈ വർഷത്തിൽ ഇടവ കയിലെ അർഹിക്കുന്ന ഒരു കുടുംബത്തിന് വീട് വച്ച് നൽകുമെന്ന് കമ്മിറ്റി അംഗങ്ങൾ അറിയിച്ചു. തർപ്പണ തിരുനാൾ പരിപാടികൾ വിജയകരമാക്കാൻ ആർച്ച് പ്രീസ്റ്റ് റവ ഡോ ഡേവിസ് കണ്ണമ്പുഴ, സഹ വികാരി റവ ഫാ ഡെറിൻ അരിമ്പൂർ, കൈക്കാരന്മാരായ സന്തോഷ് ടി ജെ, കെ ജെ പോൾ, സി എം ബാബു, ജോഫി ജോസഫ്, സിസ്റ്റർ ടെസ്‌ലിൻ SABS, ജനറൽ കൺവീനർ സി ഡി ലോറൻസ്, സെക്രട്ടറിമാരായ ബിജു മുട്ടത്ത്, ബിനു താണിക്കൽ, പി ആർ ഒ ജെഫിൻ ജോണി, കുടുംബ കൂട്ടായ്മകൾ, ഭക്തസംഘടന കൾ എന്നിവരടങ്ങിയ തിരുനാൾ കമ്മിറ്റി നേതൃത്വം നൽകി.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# ₹ സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

2024 ആഗസ്റ്റ് 5 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടുവരേണ്ടത്. തിങ്കൾ മുതുൽ വെള്ളി വരെ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കന്നതല്ല.

**2. ഫൈനാൻസ് ഓഫീസ് – പണമിടപാട്**

പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ ചുരുങ്ങിയത് 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**3. സമയക്രമം**

നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേ ദിവസം അറിയിക്കുന്നത് നല്ലതാണ്. തെരട്ടുകൊണ്ടുവരുമ്പോൾ ബ.വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. മറ്റുകൈക്കാരന്മർ വരുന്നതിന് തടസമില്ല.

**4. CA ഓഡിറ്റ്**

CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും CA ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനു ശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രതിനിധിയോഗത്തിൽ  പാസാക്കേണ്ടതുമാണ്. ഇത് കൂടാതെ Incom Tax Return സമർപ്പിക്കേണ്ടതും അതിന്റെ Print Out വാങ്ങിവെക്കേണ്ടതും അതിന്റെ Copy  തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**ഫാ. സാജൻ വടക്കൻ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളേ,

ഓഗസ്റ്റ് മാസം എത്തിയല്ലോ. ഏവർക്കും പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും, ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേരുന്നു. നിങ്ങളുടെ ഇടവകകളിലും സ്കൂളുകളിലും ഓഗസ്റ്റ് 15നോട് അനുബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങളിലെല്ലാം സജീവമായി പങ്കെടുക്കാൻ നിങ്ങളെ ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ മറിയത്തിന്റെസ്തോത്രഗീതം നിങ്ങൾ വായിച്ചിട്ടില്ലേ? അതിൽ മറിയം പറയുന്നു: ‘‘അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവിചാരത്തിൽ അഹങ്കരിക്കു ന്നവരെ ചിതറിച്ചു; ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു; എളിയവരെ ഉയർത്തി‘(ലൂക്ക 1: 51-52). സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം എന്ന് അറിയപ്പെട്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യമാണ്, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് മുന്നിൽ അടിയറവച്ച് 1947 ആഗസ്റ്റ് 15ന് ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകിയത്. നമ്മുടെ പൂർവികർ നമുക്കു നേടിത്തന്ന ആ സ്വാതന്ത്ര്യമാണ് ഇന്ന് നമ്മൾ ആസ്വദിക്കുന്നത്. നമ്മുടെ രാജ്യത്തിന് വേണ്ടി ജീവനും ജീവിതവും ബലികൊടുത്തവരെ നമുക്ക് നന്ദിയോടെ ഓർക്കാം. പക്ഷേ ആ സ്വാതന്ത്ര്യം പൂർണ്ണമായി വിനിയോഗിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഇല്ലെന്നുള്ളതാണ് സത്യം. 1947 ഓഗസ്റ്റ് 15ന് ഔദ്യോഗികമായി നാം സ്വതന്ത്രരായെ ങ്കിലും നമ്മുടെ ചുറ്റും നോക്കിയാൽ സാമൂഹികവും, സാംസ്കാരിക വും, രാഷ്ട്രീയവും, സാമ്പത്തികവുമായ അടിമത്തങ്ങൾ ഇന്നും നിലനിൽക്കുന്നതായി കാണാം. ഇത്തരം അടിമത്തങ്ങളുടെ ചങ്ങലകൾ പൊട്ടിച്ചെറിയാനുള്ള ഉത്തരവാദിത്വം, വളർന്നുവരുന്ന പൗരന്മാരായ നിങ്ങളുടേത് കൂടിയാണ്. നിങ്ങൾക്കു ചുറ്റും പലതരം അടിമത്തങ്ങ ളുടെ വേദനയനുഭവിക്കുന്നവരെ മോചിക്കാനായി ബൗദ്ധികമായും മാനസികമായും ഒരുങ്ങുക എന്നതാണ് ഈ പഠനകാലത്ത് നിങ്ങ ളുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വം. ഈ വ്യക്തിപരമായ ഉത്തരവാദിത്വബോധമാണ് സ്വാതന്ത്ര്യത്തെ മനോഹരമാക്കുന്നത്. ഉത്തരവാദിത്വമില്ലാത്ത ഒരു രാഷ്ട്രത്തിനോ വ്യക്തിക്കോ ലഭിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കുക. ആ സ്വാതന്ത്ര്യം അവന്റെയും മറ്റുള്ള

വരുടെയും നാശത്തിനേ ഉപകരിക്കുകയുള്ളൂ. ഈശോ പറഞ്ഞ ഉപമയിലെ ധൂർത്തപുത്രൻ, തന്റെ സ്വാതന്ത്ര്യം ഉത്തരവാദിത്വമില്ലാതെ ഉപയോഗിച്ച്, സ്വയം നശിച്ച്, പന്നിക്കൂട്ടിലാണ് എത്തിച്ചേർന്നത്. അതുകൊണ്ട്, ഉത്തരവാദിത്വത്തോടെ വേണം സ്വാതന്ത്ര്യം ഉപയോഗിക്കാൻ. ബാഹ്യമായ അടിമത്തങ്ങൾ നമ്മൾ പെട്ടെന്ന് ശ്രദ്ധിക്കും. പക്ഷേ ഉള്ളിലുള്ള ചങ്ങലകൾ നമ്മൾ അറിയാ തെ പോകും. ചിലപ്പോൾ നമ്മെ അടിമകളാക്കി വച്ചിരിക്കുന്നത് നമ്മുടെ ദുശ്ശീലങ്ങളാകാം, ലഹരിയാകാം, പാപത്തിന്റെ സാഹചര്യ ങ്ങളാകാം, ചില തെറ്റായ വ്യക്തിബന്ധങ്ങളാകാം. ഇവയിൽ നിന്നും സ്വതന്ത്രരാകുക എന്നതാണ് ഏറ്റവും പ്രധാനം. ഒരുവൻ പൂർണമായി സ്വതന്ത്രനാകുന്നത് അവന്റെ ഉള്ളിന്റെയുള്ളിലെ അടിമത്തങ്ങൾ അവസാനിക്കുമ്പോഴാണ്. ഈശോ പറയുന്നു:''പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും'' (യോഹന്നാൻ 8: 36). നമ്മുടെ യഥാർത്ഥ സ്വാതന്ത്ര്യം ദൈവപുത്രനായ ഈശോയിലാണ്. അടിസ്ഥാനപരമായ അടിമത്തം പാപത്തിന്റെ അടിമത്തമാകയാൽ അതിൽ നിന്നും സ്വാതന്ത്ര്യം നേടിയ ദൈവമക്കൾക്ക് മറ്റേത് സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതാനും അതു നേടിയെടുക്കാനും സാധിക്കും. ദൈവപുത്രനാൽ സ്വതന്ത്രയാക്കപ്പെട്ട്, ലോകത്തേയും, പിശാചിനേയും, ശരീരത്തേയും വിജയിച്ച് സ്വർഗ്ഗാരോപിതമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയും മാധ്യസ്ഥ്യവും നിങ്ങൾക്കു കരുത്താകട്ടെ. ഏവർക്കും ഓഗസ്റ്റ് 15-ന്റെ ആശംസകൾ ഒരിക്കൽ കൂടി നേർന്നുകൊണ്ട് നിർത്തട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

പരിശുദ്ധ കന്യകാമറിയത്തിന്റ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു.

സ്വാതന്ത്ര്യത്തെ ദൈവികപദ്ധതിയോടുചേർന്ന് വിനിയോഗിച്ച പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പിന്തുടരാം. നമ്മുടെ രാജ്യത്തി

ന്റെ സ്വാതന്ത്ര്യം അഭംഗുരം സംരക്ഷിക്കാൻ നമുക്ക് നില കൊള്ളാം. രാജ്യം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമാധാനത്തിലും നന്മയിലും സമൃദ്ധിയിലും മതേതരത്വത്തിലും പുരോഗമിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങൾക്ക് സാക്ഷ്യം നൽകാൻ സദാ സന്നദ്ധരാകാം. അതിന് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും വി. എവുപ്രാസ്യയുടെയും മാധ്യസ്ഥ്യം അപേക്ഷിക്കാം.

**1. ആഗസ്റ്റ് മാസത്തിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ**

ക്രിസ് ഫോം 1 - ആഗസ്റ്റ് 2-4, 23 -25, 30 - സെപ്റ്റംബർ 1

ക്രിസ്ഫോം - 2 ആഗസ്റ്റ് 9-11

ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**2. ക്രിസ്ഫോം III & ഫ്രഷേഴ്സ് ട്രെയ്നിങ്ങ് കോഴ്സ്**

പുതിയതായി ചേരുന്ന യുവ വിശ്വാസപരിശീലകർക്ക് വേണ്ടിയുള്ളതാണ് ഈ കോഴ്സ്. രണ്ടാമത്തെ ബാച്ച് ആഗസ്റ്റ് 16,17,18, എന്നീ തിയതികളിലായി ഡിബിസിഎൽസിയിൽ വെച്ച് നടക്കുന്നു. ഇതിൽ പങ്കെടുക്കുന്ന അധ്യാപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**3. ക്രിസ്ദോമുസ് - പാരിഷ്‌ലെവൽ**

മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി വിശ്വാസപരിശീലനകേന്ദ്രം ജൂലൈ മാസം മുതൽ ഇടവകയിൽ ഒരുക്കുന്ന സെമിനാർ. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്താൻ താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. ജൂലൈ മാസം ക്രിസ്ദോമുസ് നടത്തിയ യൂണിറ്റുകൾ: മച്ചാട്, വെള്ളാറ്റഞ്ഞൂർ, കോളങ്ങാട്ടുകര, അവിണിശ്ശേരി, നോർത്ത് കാരമുക്ക്, പഴുവിൽ, കരുമത്ര.

**4. Merit Day**

തിയതി: 2024 ആഗസ്റ്റ് 15 വ്യാഴം, സ്ഥലം : ഡിബിസിഎൽസി,

അവാർഡ് പൊതുസമ്മേളനം: 2 PM

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

A). ACC & XII Common Examination Rank Holders

B). Sunday Catechism & Daily Catechism Scholarship Examination Rank Holders

B). Full Attendance of Students (Std. 1 to ACC)

C). Student Excellence Award
D). Prathibha pariseelanam Winner
E). Mission Quest Winners (Students)
F). Highest Points Scored Schools
G). ACC Certificate Holders

**5. ACC യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ആഗസ്റ്റ് 16 മുതൽ 26 വരെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. സ്റ്റുഡന്റ്സ് ലിസ്റ്റിലെ XII Pass ൽ നിന്നും എ. സി. സി. പഠി ക്കുന്ന വിദ്യാർത്ഥികളെ മാത്രം എഡിറ്റ് ചെയ്ത് ACC I ലേക്ക് മാറ്റുക. കൂടാതെ സെക്കന്റ് ഇയറിലും തേർഡ് ഇയറിലും ഏതെങ്കി ലും കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ അവരെ Deactivate ചെയ്യുക, എല്ലാ വിദ്യാർത്ഥികളുടേയും ഫോട്ടോ ഉണ്ടെന്ന് ഉറപ്പാക്കുക, Previous Year Mark Entry സേവ് ചെയ്യുക
2. എല്ലാ അപ്ഡേഷനുകൾക്കുംശേഷം ACC Management ൽ നിന്നും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്ത് (രജി. ഫീസ് ഒരു കുട്ടിക്ക് 100 രൂപ) പ്രിന്റ് എടുത്ത് ആഗസ്റ്റ് 16 മുതൽ 26 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കാ വുന്നതാണ്. ഈ വർഷം എസിസി പഠിക്കുന്ന (ഫസ്റ്റ് ഇയർ, സെക്കന്റ് ഇയർ, തേർഡ് ഇയർ) എല്ലാ വിദ്യാർത്ഥികളും ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഫോമുകളിൽ വികാരി, പ്രിൻസിപ്പൽ, രക്ഷിതാവ്, വിദ്യാർത്ഥി എന്നിവരുടെ ഒപ്പും യൂണി റ്റിന്റെ സീലും ഉണ്ടായിരിക്കേണ്ടതാണ്.
3. രജിസ്ട്രേഷൻ ഫോമിൽ വികാരിയച്ചന്റെ പേരും, പ്രിൻസിപ്പാളി ന്റെ പേരും ശരിയല്ലേയെന്ന് നോക്കുകയും അല്ലെങ്കിൽ സോഫ്റ്റ് വെയറിൽ കറക്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. അതിനുശേഷ മാണ് പ്രിന്റ് എടുക്കേണ്ടത്.

**6. യൂണിറ്റ് വിസിറ്റ്**

സെപ്റ്റംബർ 22 മുതൽ യൂണിറ്റ് വിസിറ്റ് ആരംഭിക്കുന്നു. എല്ലാ യൂണിറ്റുകളും ഒരുങ്ങേണ്ടതാണ്.

**7. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരാകുന്ന അധ്യാപകരുടെ ലിസ്റ്റ് വിശ്വാസപരിശീലന സോഫ്റ്റ്വെയറിൽനിന്നുമാണ് എടുക്കുന്നത്. സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപ കരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**8. സോഫ്റ്റ് വെയർ പ്രവർത്തനം**

എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കിയാൽ, തുടർന്ന് ആവശ്യമായ വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമായിരിക്കും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിച്ച് പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക. യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന മാറ്റങ്ങളനുസരിച്ച് ഉടൻതന്നെ സോഫ്റ്റ് വെയറിലും തിരുത്തലുകൾ വരുത്തി യൂണിറ്റിന്റെ ഡാറ്റ up-to-date ആയി പാലിക്കണം.

പ്രത്യേകശ്രദ്ധയ്ക്ക്: വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ, പ്രതിഭാപരിശീലനം, അധ്യാപകരുടെ സർവ്വീസ് മുതലായ എല്ലാകാര്യങ്ങളും കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമി ലേക്ക് യൂണിറ്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളുടെ (ഡാറ്റ) അടിസ്ഥാനത്തിലായിരിക്കും. ആവശ്യമുള്ള ഡാറ്റ ചേർക്കാതിരിക്കുകയോ, വരുന്ന മാറ്റങ്ങൾ കൃത്യസമയത്ത് ചെയ്യാതിരിക്കുകയോ ചെയ്താൽ ഇക്കാര്യങ്ങളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും വിശ്വാസപരിശീലനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. എല്ലാം കൃത്യമായി ചെയ്യുന്നവർക്ക് എല്ലാം വളരെ എളുപ്പവുമായിരിക്കും. ഓരോ ആവശ്യത്തിനും യൂണിറ്റുകളിൽനിന്ന് പ്രത്യേകം ലിസ്റ്റുകൾ തയ്യാറാക്കി നല്കേണ്ടിവരില്ല.

**II. Daily Catechism**

**1. Merit Day**

തിയതി : 2024 ആഗസ്റ്റ് 15 വ്യാഴം

സ്ഥലം : ഡി ബി സി എൽ സി

അവാർഡ് പൊതുസമ്മേളനം: 2 PM

സ്കോളർഷിപ്പ് പരീക്ഷയിൽ സമ്മാനർഹരായവരെ സ്കൂളധികൃതർ അറിയിക്കുമല്ലോ.

2. അർദ്ധവാർഷിക പരീക്ഷ – സെപ്റ്റംബർ 27 വെള്ളി

കാലത്ത് – I, III, V, VII, IX, XI ഉച്ചകഴിഞ്ഞ് – II, IV, VI, VIII, X, XII

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

### K-TET (Kerala Teachers Eligibility Test)

K-TET Exam നുള്ള കോച്ചിങ്ങിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. കാറ്റഗറി 1,2,3,4 (LP, UP, High School) ടീച്ചർമാർക്കുള്ള K-TET കോച്ചിങ്ങിന്റെ പതിനെട്ടാമത്തെ ബാച്ചാണ് ആരംഭിക്കുന്നത്. അഡ്മിഷൻ തുടരുന്നു.

### സിവിൽ സർവ്വീസ് കോഴ്സ്

സിവിൽ സർവ്വീസ് കോഴ്സ്, സീനിയർ വീക്കെന്റ്, ഡെയ്‌ലിബാച്ച് കോഴ്സുകളുടെ പുതിയ ബാച്ച് ആഗസ്റ്റ് ആദ്യം ആരംഭിക്കും. പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി, പിജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്.

### Excel Foundation Course

2024 ജൂലായ് 13-ാം തിയതി ശനിയാഴ്ച ആരംഭിച്ച Excel Foundation Courseന്റെ (8th std to 12th std) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ളാസ്സുകൾ ഉണ്ടായിരിക്കും.

### Merit Day

ഇടവകതലത്തിലും സ്കൂൾ തലത്തിലും നടത്തിയ Excel Excellence Examന്റെ സമ്മാനദാനം ആഗസ്റ്റ് 15-ാം തിയതി DBCLC ഓഡിറ്റോറിയത്തിൽ, ഉച്ചകഴിഞ്ഞ് നടക്കുന്ന മെറിറ്റ്ഡേയിൽ നൽകുന്നതായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSCസൗജന്യ പരിശീലനം** (Coaching Centre for Minority Youth)

ജൂലായ് മാസത്തിൽ ആരംഭിച്ച കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**ആദ്യവർഷ ദൈവശാസ്ത്ര –തത്വശാസ്ത്ര വിദ്യാർത്ഥികൾ**

ആദ്യവർഷ ദൈവശാസ്ത്ര –തത്വശാസ്ത്ര വിദ്യാർത്ഥികൾ മെയ് 27 ന് സെമിനാരിയിൽ എത്തിച്ചേർന്നു. ഇവർക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാം ബഹുമാനപ്പെട്ട ഫാ. രാജു അക്കര, ഫാ. ജോർജ് തോട്ടാൻ സി. എം. ഐ. എന്നിവരുടെ നേതൃത്വത്തിൽ മെയ് 28, 29 എന്നീ തീയതികളിൽ നടക്കുകയുണ്ടായി.

**പുതിയ അധ്യായന വർഷം**

മെയ് 30 ന് എല്ലാ വൈദിക വിദ്യാർത്ഥികളും സെമിനാരിയിൽ എത്തിച്ചേർന്നു. 2024–2025 അധ്യയന വർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ജൂൺ ഒന്നാം തീയതിയായിരുന്നു. അന്നേ ദിവസത്തെ ദിവ്യബലി അർപ്പണവും അധ്യയനവർഷ ഉദ്ഘാടനവും കോതമംഗലം രൂപത മെത്രാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു. തത്വശാസ്ത്രവിഭാഗത്തിന്റെയും ദൈവശാസ്ത്രവിഭാഗത്തിന്റെയും പറോക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വാർഷിക റിപ്പോർട്ടുകൾ യഥാക്രമം ബഹു. സിബി ചെറുത്തോട്ടിലച്ചനും പോൾ പുളിക്കനച്ചനും സൈജോ തൈക്കാട്ടിലച്ചനും അവതരിപ്പിച്ചു.

**പുതിയ മീഡിയ റൂം**

ജൂൺ ഒന്നിന് വിശുദ്ധ കുർബാനയ്ക്കുശേഷം മാർ ജോർജ് മഠത്തികണ്ടത്തിൽ പിതാവ് സെമിനാരിയിൽ പുതിയതായി നിർമ്മിച്ച മീഡിയ റൂമിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പും നടത്തി.

**തിരുഹൃദയ തിരുനാൾ**

ജൂൺ ഏഴിന് ഈശോയുടെ തിരുഹൃദയ തിരുനാൾ ദിവസം മേരിമാതാ കുടുംബം ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന ദിനം ആചരിച്ചു. അന്നേദിവസം രാവിലെ 6.30ന് വൈസ് റെക്ടർ ഫാ. ഫ്രീജോ പാറയ്ക്കൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് വിവിധ ബാച്ചുകൾ ഒരു മണിക്കൂർ വീതം ആരാധന നടത്തി. മൂന്നുമണിക്ക് എല്ലാ അംഗങ്ങളും ചേർന്ന് നടത്തിയ പൊതു ആരാധനയോടെ ആയിരുന്നു സമാപനം.

**മരിച്ചവരുടെ ഓർമ്മ**

ജൂൺ പന്ത്രണ്ടാം തീയതി ബഹുമാനപ്പെട്ട ഫാ. റോബി കുന്താനിയിൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ മേരിമാതാ കുടുംബത്തിലെ

മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. ജോസ് മരിയദാസ് അച്ച നാണ് സഹകാർമ്മികത്വം വഹിച്ചത്.

**മാസധ്യാനം**

പുതിയ അധ്യയന വർഷത്തിലെ ആദ്യത്തെ മാസധ്യാനം ജൂൺ 14, 15 തീയതികളിൽ നടക്കുകയുണ്ടായി. റവ. ഫാ. ദീപു പ്ലാത്തോട്ട ത്തിൽ ആർ. സി. ജെ. ധ്യാന ചിന്തകൾ പങ്കുവെച്ചു. പരിശുദ്ധ നായ ക്രിസ്തുവിനോട് കൂടെ ആയിരിക്കുക എന്നതായിരുന്നു മുഖ്യ പ്രമേയം.

**സ്റ്റാഫ് റിഫ്രെഷർ പ്രോഗ്രാം**

ജൂൺ 17ന് ഡോ. നിഖിത രാജുവിന്റെ നേതൃത്വത്തിൽ മേരിമാതാ സെമിനാരിയിലെ അധ്യാപകരായ എല്ലാ വൈദികർക്കും ഒരു റിഫ്രെ ഷ്മെന്റ് പ്രോഗ്രാം നടത്തുകയുണ്ടായി.

**മാതാപിതാക്കളുടെ സംഗമം**

മേരിമാതാ സെമിനാരിയിലെ ബെഞ്ചമിൻസായ ഒന്നാം വർഷ ദൈവശാസ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം ജൂൺ 22 ശനിയാഴ്ച സമുചിതമായി ആഘോഷിച്ചു. ബഹു. റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലക്കൽ വിശുദ്ധ കുർബാന യ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. ഒന്നാം വർഷ ദൈവശാ സ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്റർമാർ ഫാ. സാജൻ പിണ്ടിയാൻ, ഫാ. സിന്റോ പൊറുത്തൂർ എന്നിവർ സഹകർമികത്വം വഹിച്ചു. ഫാ. സിന്റോ പൊറുത്തൂർ വചനസന്ദേശം നൽകി. ദിവ്യബ ലിക്കുശേഷം നടന്ന യോഗത്തിൽ ഫാ. സാജൻ പിണ്ടിയാൻ മാതാ പിതാക്കളെ സ്വാഗതം ആശംസിച്ചു. മേരിമാതസെമിനാരിയിൽനിന്നും സ്നേഹാദരങ്ങൾ സ്വീകരിച്ച് ഉച്ചഭക്ഷണത്തിനുശേഷം മാതാപി താക്കൾ ഭവനങ്ങളി ലേക്ക് മടങ്ങി.

**ദുക്റാന തിരുനാൾ**

ദുക്റാന തിരുന്നാളിന് റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലക്കൽ റാസ കുർബാനയ്ക്ക് മുഖ്യ കാർമികത്വം വഹിക്കുകയുണ്ടായി. ഫാ. റോബി കുന്താനിയിൽ സഹകാർമികത്വം വഹിച്ചു, വചന സന്ദേശം നൽകി.

**സർഗ്ഗജ്യോതി ഉദ്ഘാടനം**

സഹോദരങ്ങളുടെ കലാകായിക രംഗങ്ങളിലെ അഭിരുചികളെ വളർത്താൻ നടത്തുന്ന സർഗ്ഗജ്യോതി പ്രവർത്തനങ്ങളുടെ ഉദ്ഘാ ടനം Face of the Faceless എന്ന സിനിമയുടെ സംവിധായകൻ ഡോക്ടർ ഷെയ്സൺ പി. ഔസേപ്പ് നിർവഹിച്ചു.

**കലാവിരുന്ന്**

ജൂലൈ ആറിന് ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ 'ഹക്കൽദ്മാ' എന്ന നാടകം അവതരിപ്പിച്ചു. നാടകാവതരണം എല്ലാ വരുടെയും പ്രശംസ പിടിച്ചുപറ്റി.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

1. ശ്രീ. എ.ൽ ജോൺ & ശ്രീമതി റോസിലി ജോൺ, അടിയാട്ടിപ്പറമ്പിൽ ഹൗസ്, ചേറൂർ.
2. ശ്രീ. ഇ.വി പോൾ, ഇമ്മട്ടി ഹൗസ്, എൻജിനീയറിങ് കോളേജ് പി.ഒ., തൃശ്ശൂർ.
3. ശ്രീമതി. മീന ജെ പൊറത്തൂർ W/O ശ്രീ. സണ്ണി സി. തരകൻ, സൺഷൈൻ, കൂനംമുച്ചി പി. ഒ., തൃശ്ശൂർ.
4. ശ്രീ. സി.ജെ. തോമസ്, ചാലക്കൽ ഹൗസ്, നെല്ലങ്കര, നെട്ടിശ്ശേരി, തൃശൂർ.
5. റവ. ഫാ. ബിജു വാഴപ്പള്ളി, വാഴപ്പിള്ളി ഹൗസ്, കടങ്ങോട്, എരുമപ്പെട്ടി, തൃശ്ശൂർ.

Institutional Well Wisher Membership

1. സെന്റ് ജോസഫ് ചർച്ച്, പൊന്നൂക്കര, തൃശൂർ.

Individual Well Wisher Membership

1. റവ. ഫാ. സജിൽ കണ്ണനായ്ക്കൽ S/O ശ്രീ. കെ. റ്റി. വിൻസൻറ്, കണ്ണനായ്ക്കൽ ഹൗസ്, പോന്നോർ, തൃശ്ശൂർ.
2. ശ്രീ. ജോസഫ് അരുൺ ജോസ്, എലുവത്തിങ്കൽ ഹൗസ്, കൈരളി നഗർ, തൃശ്ശൂർ.
3. എയ്ഞ്ചൽ ലൂസിയ അലക്സ്, വെള്ളറ ഹൗസ്, കാവീട്, തൃശ്ശൂർ.
4. ശ്രീ. കെ. ആർ പയസ്, അനുഗ്രഹ, കൊമ്പൻ ഹൗസ്, മിഷൻ ക്വാട്ടേഴ്സ്, തൃശ്ശൂർ.
5. ശ്രീമതി തെരെസ ജെയിംസ്, കുഴിക്കാട്ടുമ്യാലിൽ ഹൗസ്, വിയ്യൂർ.
6. ശ്രീ. ലാസർ കൂത്തൂർ, കൂത്തൂർ ഹൗസ്, വെളുത്തൂർ, അരിമ്പൂർ, തൃശ്ശൂർ.
7. ശ്രീ. ലിജൊ ടി. ഒ., തൊഴുത്തുപറമ്പിൽ ഹൗസ്, ചെവ്വൂർ, തൃശ്ശൂർ.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അദ്ധ്യയനവർഷാരംഭം**

വേനലവധി കഴിഞ്ഞ് മെയ് 20-ന് വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരിയിൽ തിരിച്ചെത്തി. ജൂൺ 2 മുതൽ 4 വരെ പുതിയ വർഷത്തിലേക്കുള്ള ആത്മീയ ഒരുക്കത്തിന്റെ ഭാഗമായി ധ്യാനം നടത്തി. ബഹു. സജു വടക്കേത്തല അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി. ഈ വർഷം പ്ലസ് വൺ പഠനത്തിന് (ഡേ സ്കോളേഴ്സ്) സി.എസ്.ജെ.ബി. സന്യാസ സമൂഹത്തിൽനിന്ന് മൂന്നുപേരും ഹോളി ട്രിനിറ്റി സന്യാസസമൂഹത്തിൽനിന്ന് ഒമ്പതുപേരും SDV സന്യാസ സമൂഹത്തിൽനിന്ന് ഏഴുപേരും നമ്മുടെ സെമിനാരിക്കാരോടുകൂടെ ക്ലാസുകളിൽ പങ്കെടുക്കുന്നു.

**പുതിയ ബാച്ച്**

ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം സ്വീകരിച്ചിരിക്കുന്നത് 24 പേരാണ്. 17 പേർ പത്താം ക്ലാസ് പഠനവും, ആറു പേർ പ്ലസ് ടു പഠനവും, ഒരാൾ ബി.എഡ്. പഠനവും പൂർത്തിയാക്കിയവരാണ്.

**അദ്ധ്യയനവർഷ ഉദ്ഘാടനം**

പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം അതിരൂപത ഫിനാൻസ് ഓഫീസർ ബഹു. വർഗ്ഗീസ് കൂത്തൂരച്ചൻ നിർവ്വഹിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും സി.എസ്.ജെ.ബി., ഹോളി ട്രിനിറ്റി, എസ്.ഡി.വി. സഹോദരന്മാരുടെ ബഹു. റെക്ടറച്ചന്മാരും സന്നിഹിതരായിരുന്നു. പരിപാടികൾക്ക് സെമിനാരിയിലെ ഫാ. പ്രീഫെക്ട് ബഹു. പ്രിൻസ് ചിരിയങ്കണ്ടത്തച്ചനും പഠന കാര്യങ്ങളുടെ ചുതലയുള്ള ബഹു. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കലച്ചനും നേതൃത്വം നൽകി.

**ദൈവശാസ്ത്ര-തത്വശാസ്ത്ര പരിശീലനം ആരംഭിച്ചു**

2024 അദ്ധ്യയനവർഷം തൃശൂർ അതിരൂപതക്ക് ഒന്നാം വർഷ ദൈവശാത്ര പരിശീലനത്തിന് 12 ഉം, ഒന്നാം വർഷ തത്വശാസ്ത്ര പരിശീലനത്തിന് 9 ഉം വൈദിക വിദ്യാർത്ഥികളാണുള്ളത്. തൃശൂർ മേരിമാതാ, പൂന എന്നീ മേജർ സെമിനാരികൾക്കു പുറമെ തലശ്ശേരി, മധ്യപ്രദേശിലെ ഉജ്ജൈൻ മേജർ സെമിനാരികളിൽ നമ്മുടെ വൈദിക വിദ്യാർത്ഥികൾ വൈദിക പരിശീലനം തുടരുന്നു.

**ദുക്റാന തിരുനാൾ**

മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ജൂലൈ 3-ാം തിയ്യതി ആഘോഷിച്ചു. 'റാസ' കുർബ്ബാനക്ക് ബഹുമാനപ്പെട്ട ഫാ. ജിജോ കപ്പിലാനിരപ്പേൽ മുഖ്യകാർമികത്വം വഹിച്ചു. വൈകീട്ട് 7 മണിക്ക് തൃശൂർ എക്യുമെനിക്കൽ കൂട്ടായ്മയുടെയും മൈനർ സെമിനാരിയുടെയും സംയുക്ത 'സെന്റ് തോമസ് ഡേ' ആഘോഷം നടത്തി. പൊതുയോഗം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. മൈനർ സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളും 'അന്തോണിക്കുട്ടിയുടെ ഒരു ദിവസം' എന്ന നാടകവും ദുക്റാന തിരുനാളിന് മോടികൂട്ടി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി മേരി ജോണി, അറങ്ങാശ്ശേരി ഹൗസ്, ചിയ്യാരം, കുരിയച്ചിറ
2. ശ്രീ. ആന്റണി വി. എഫ്., വാഴപ്പിള്ളി ഹൗസ്, ആർത്താറ്റ്
3. ശ്രീ. ജോബി കുരിയൻ, പാലത്തിങ്കൽ ഹൗസ്, ചിയ്യാരം
4. ശ്രീ. കുരിയൻ, ചാലക്കൽ ഹൗസ്, ഒളരിക്കര
5. ശ്രീ. ആൽബിൻ പ്രിൻസ്, ചിറയത്ത് അത്താണിക്കൽ ഹൗസ്, അരിമ്പൂർ
6. ശ്രീ. തോമസ് കെ.വി., കുറ്റിക്കാട്ട് ഹൗസ്, വേലൂർ
7. സിസ്റ്റർ സുപ്പീരിയർ & കമ്മ്യൂണിറ്റി, ഇമ്മാക്കുലേറ്റ് ഹാർട്ട് സി.എച്ച്.എഫ്. കോൺവെന്റ്, വടൂക്കര
8. ശ്രീ. ടോണി സി. എ., ചുങ്കത്ത് ഹൗസ്, വടൂക്കര
9. ശ്രീ. ലോനപ്പൻ കെ. കെ., കാഞ്ഞിരപറമ്പിൽ ഹൗസ്, മുണ്ടൂർ
10. ശ്രീ. ടി. ജെ. ചെറിയാൻ, തരകൻ ഹൗസ്, പാവറട്ടി
11. ശ്രീമതി റീമ ചെറിയാൻ, തരകൻ ഹൗസ്, പാവറട്ടി
12. ശ്രീ. എൻ. എൻ. ഔസേഫ് & ശ്രീമതി ഗ്രെയ്സി, നെയ്യൻ ഹൗസ്, പറപ്പൂർ

ബഹു. ജോബ് പടയാട്ടിൽ അച്ചന്റെ പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നെടുപുഴ ഇടവകക്കാർ അതിരൂപതാ വൈദിക പരിശീലനത്തിന് നൽകുന്ന സ്നേഹ സമർപ്പണം

1. ശ്രീ. ജിത്തു പി. ജെയിംസ്, പുല്ലോൻ ഹൗസ്, നെടുപുഴ.
2. ശ്രീ. വർഗ്ഗീസ് വി. എ., വെളിയന്നൂർക്കാരൻ ഹൗസ്, നെടുപുഴ
3. ശ്രീ. നിക്കോളസ് വർഗ്ഗീസ്, ആലപ്പാടൻ ഹൗസ്, നെടുപുഴ
4. ശ്രീ. ഡെൻസൻ സി. ഒ., ചീനിക്കൽ ഹൗസ്, നെടുപുഴ
5. ശ്രീ. അജി പോൾ, തട്ടിൽ ചീനിക്കൽ ഹൗസ്, നെടുപുഴ
6. ശ്രീ. ജെയിംസ് കെ. ആർ., കണ്ണമ്പുഴ ഹൗസ്, നെടുപുഴ
7. ശ്രീമതി ഡെയ്സി ജോണി, ചീനിക്കൽ ഹൗസ്, നെടുപുഴ
8. ശ്രീമതി സ്റ്റെഫി സ്റ്റാലിൻ, ആലപ്പാടൻ ഹൗസ്, നെടുപുഴ

9. ശ്രീ. സ്റ്റാലിൻ എ. എ., ആലപ്പാടൻ ഹൗസ്, നെടുപുഴ
10. ശ്രീ. പി. ഒ. ഫ്രാൻസിസ് & ശ്രീമതി അമ്മിണി ഫ്രാൻസിസ്, പടയാട്ടിൽ ഹൗസ്, കുരിയച്ചിറ

വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി വളരെ ഔദാര്യപൂർവ്വം പ്രാർത്ഥനകൊണ്ടും സാമ്പത്തികായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കർക്കിടക കഞ്ഞി കിറ്റിന്റെ വിതരണോദ്ഘാടനം**

ജൂബിലി ആയുർവേദ മിഷൻ ആശുപത്രി പുറത്തിറക്കുന്ന കർക്കിടക കഞ്ഞികിറ്റിന്റെ വിതരണോദ്ഘാടനം രാമവർമപുരം ജൂബിലി ആയുർവേദ ക്യാമ്പസിൽ വച്ച് തൃശ്ശൂർ അതിരൂപതമെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ക്രൈസ്റ്റ് വില്ല ഡയറക്ടറും ജൂബിലി ആയുർവേദ മിഷൻ ആശുപത്രി പാസ്റ്ററൽ കെയർ ടീം മെമ്പറുമായ ഫാ. ഡിറ്റോ കൂളയിൽ നിന്ന് കിറ്റ് ഏറ്റുവാങ്ങിയാണ് അദ്ദേഹം ഉദ്ഘാടനം നിർവഹിച്ചത്. തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി, ജൂബിലി വെൽഫെയർ സ്റ്റോർ, രാമവർമ്മപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രി എന്നിവിടങ്ങളിൽ ജൂബിലി കർക്കിടക കഞ്ഞി കിറ്റ് ലഭ്യമാണ്. ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ കർക്കിടക ചികിത്സയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിലും രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിലും പഞ്ചകർമ്മചികിത്സാ സൗകര്യം ലഭ്യമാണ്.

**അന്താരാഷ്ട്ര ലഹരി വിരുദ്ധദിനം ആചരിച്ചു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൈക്യാട്രി വിഭാഗം അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് - ദ എവിഡൻസ് ഈസ് ക്ലിയർ, ഇൻവെസ്റ്റ് ഇൻ പ്രിവൻഷൻ - എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഫാ. ദേവ് അക്കര, ക്ലിനിക്കൽ സൈക്കോളജി വിഭാഗം മേധാവി ഡോ. മോൻസി എഡ്വേർഡ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഫാ. റെന്നി മുണ്ടൻകുരിയൻ

അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ സൈക്യാട്രി വിഭാഗം മേധാവി ഡോ. ജെയിംസ് ആന്റണി ഉദ്ഘാടനം നിർവഹിച്ചു. സെന്റ് മേരീസ് കോളേജിലേയും സെന്റ് തോമസ് കോളേജിലേയും സൈക്കോളജി വിദ്യാർത്ഥികളും സോഷ്യൽ വർക്ക് വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടന്ന വീഡിയോ കോണ്ടസ്റ്റിൽ വിജയികൾക്ക് സമ്മാനദാനം നടത്തി.

**രക്തദാതാക്കളെ ആദരിച്ചു**

ജൂബിലി മിഷൻ ആശുപത്രിയിലെ ഇമ്മ്യുണോഹെമറ്റോളജി വിഭാഗത്തിന്റേയും ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിന്റേയും ആഭിമുഖ്യത്തിൽ രക്തദാനദിനത്തിന്റെ ഭാഗമായി ഏറ്റവും അധികം തവണ രക്തദാനം ചെയ്തവരെ ആദരിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ നിന്ന് 12 വർഷത്തെ സേവനത്തിനുശേഷം വിരമിച്ച മുൻ ഡയറക്ടർ ആയിരുന്ന ഫാ. ഫ്രാൻസിസ് ആലപ്പാട്ടിനെ ആദരിച്ചു. ഇദ്ദേഹം 77 തവണ രക്തദാനം ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ ഡയറക്ടറായ ഫാ. റെന്നി മുണ്ടൻകുരിയനേയും, ഡോ. ഫിജു ചാക്കോ, ഡോ. നവീൻ ഐസക്ക് ജോൺ, ഡോ. ജെയിംസ് എഫ്. കല്ലേയിൽ, ശ്രീ. നിതിൻ പൗലോസ്, ശ്രീ. ഡിബിൻ സെബാസ്റ്റ്യൻ എന്നിവരെയും ചടങ്ങിൽ ആദരിച്ചു.

**ഡോക്ടേഴ്സ് ദിനം ആചരിച്ചു**

ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ജൂബിലിയിലെ എല്ലാ ഡോക്ടേഴ്സിനും പൂക്കളും ഡോക്ടേഴ്സ് ദിന സന്ദേശകാർഡും നൽകികൊണ്ട് ആദരിച്ചു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ന്യൂറോളജി ക്ലാസ്റൂം ന്യൂറോളജി വിഭാഗത്തിലെ ഡോക്ടർമാർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

**ക്രിട്ടിക്കൽ കെയർ ചികിത്സാ വിഭാഗം ഉദ്ഘാടനം ചെയ്തു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നവീകരിച്ച അത്യാധുനിക ക്രിട്ടിക്കൽ കെയർ മെഡിസിൻ യൂണിറ്റ് തൃശ്ശൂർ സിറ്റി എ.ഡി.ജി.പി. പി. വിജയൻ ഐ.പി.എസ്. ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ക്രിട്ടിക്കൽ കെയർ യൂണിറ്റ് ആശീർവദിച്ചു. ഗുരുതരവും ജീവൻ അപകടപ്പെടുത്തുന്നതുമായ അസുഖമോ, ശ്വാസകോശ സംബന്ധമായ അസുഖമോ, സെപ്റ്റിക് ഷോക്ക് മുതലായവ ഉള്ള ഒരു രോഗിയെ ഉദ്ദേശിച്ചുള്ളതാണ് ക്രിട്ടിക്കൽ കെയർ. ഇരുപതോളം രോഗികൾക്ക് ആവശ്യമായ ആരോഗ്യപ്രവർത്തകരും ഉപകരണങ്ങളും മരുന്നുകളും ഉൾപ്പെടെ മതിയായ മെഡിക്കൽ സംവിധാനങ്ങളോടുകൂടി ക്യൂബിക്കിൾ സൗകര്യത്തോടുകൂടിയാണ് ക്രിട്ടിക്കൽ കെയർ മെഡിസിൻ യൂണിറ്റ് സജ്ജമാക്കിയിട്ടുള്ളത്.

**അഭിനന്ദനങ്ങൾ**

- മലബാർ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് സെന്റർ, കോഴിക്കോട് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച നാഷണൽ കോഫറൻസ് Ephacon - 2024 ൽ ഫാക്കൽറ്റി വിഭാഗത്തിൽ ബെസ്റ്റ് ഓറൽ പേപ്പർ അവാർഡ്, Uneiling the Hidden Burden: Prevalence & Factors Associated in Rural North India" എന്ന റിസർച്ച് പേപ്പറിന് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം സീനിയർ റസിഡന്റ് ഡോ. സുനന്ദ വി. എം. അർഹയായി.
- വേൾഡ് ട്രയാത്‌ലോൺ കോർപ്പറേഷൻ ഫിൻലൻഡിലെ ലാഹ്തിയിൽ സംഘടിപ്പിച്ച അയൺമാൻ – 70.3 ട്രയാത് മത്സരം കൺസൾട്ടന്റ് റീ കൺസ്ട്രക്റ്റീവ് സർജൻ ഡോ. വരുൺ പി. മേനോൻ വിജയകരമായി പൂർത്തീകരിച്ച് അയൺമാൻ കിരീടം കരസ്ഥമാക്കി. നീന്തൽ (1.9 കി.മീ.), സൈക്ലിങ്ങ് (90കി.മി.), ഹാഫ് മാരത്തൺ (21.1 കി. മീ.) എന്നിവ വേഗത്തിൽ (8:12:23 സമയത്തിനകം) പൂർത്തികരിച്ചാണ് നേട്ടം കൈവരിച്ചത്. 2023ൽ കസഖ്സ്ഥാനിൽ നടന്ന അയൺമാൻ ട്രയാത്‌ലോണിലും ഡോ. വരുൺ കിരീടം നേടിയിരുന്നു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ത്യാഗരാജ പോളി ടെക്നിക്, അളഗപ്പനഗർ, തൃശ്ശൂർ
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- മോഹനകുമാർ, നവനി, ജൂബിലി പാർക്ക്, മിഷൻ ക്വാട്ടേഴ്സ്, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഷാർമിലി ബിജു, കുരിശ്ശിങ്കൽ ഹൗസ്, ലൂർദ്ദ്പുരം, തൃശ്ശൂർ
- ഡെൽബി ജോസഫ്, കാഞ്ഞിരത്തിങ്കൽ ഹൗസ്, ചേർപ്പ്, തൃശ്ശൂർ
- ഡോ. വിനോദ് ജേക്കബ് ചെറിയാൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

## 1. Alumni Meet

2024 വർഷത്തിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ പൂർവ്വ വിദ്യാർത്ഥികളുടെ അസോസിയേഷന്റെ വാർഷിക മീറ്റിംഗ് 2024 മെയ് 4–ാം തിയ്യതി കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. കോളേജിന്റെ എക്സിക്യൂട്ടീവ് മാനേജർ ഫാ. തോമസ് കാക്കശ്ശേരി മുഖ്യാതിഥിയായ പരിപാടിയിൽ അക്കാദമിക് ഡയറക്ടർ ഫാ. ജോസ് കണ്ണമ്പുഴ, കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് പി. തേറാട്ടിൽ എന്നിവർ പങ്കെടുത്തു.

## 2. College Day

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 2024 വർഷത്തിലെ കോളേജ് ഡേ 04.05.2024 ന് നടത്തി. ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് ചെയർമാനും, മാനേജിംഗ് ഡയറക്ടറുമായ എഞ്ചിനീയർ ക്രിസ്റ്റോ ജോർജ്ജ് പരിപാടി ഉദ്ഘാടനം ചെയ്യുകയും വിദ്യാർത്ഥികളുമായി തന്റെ ജീവിത വിജയം പങ്കുവെയ്ക്കുകയും ചെയ്തു.

## 3. Academic Retreat 2024

കോളേജ് അദ്ധ്യാപകർക്ക് വേണ്ടിയുള്ള ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം 24.06.2024 മുതൽ 29.06.2024 വരെ നടത്തുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ പ്രഗത്ഭരായവരുടെ ക്ലാസ്സുകൾ ഉപകാരപ്രദമായിരുന്നു.

## 4. Admission

2024 വർഷത്തേക്കുള്ള BTech, MTech, PhD അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

<u>Bachelor of Technology (BTech) Courses</u>

Artificial Intelligence and Data Science (AD)
Civil Engineering (CE)
Computer Science and Engineering (CSE)
Computer Science and Engineering - Cyber Security (CY)
Electronics and Communication Engineering (ECE)
Electrical and Electronics Engineering (EEE)
Mechanical Engineering (ME)
Mechatronics Engineering (MR)

Master of Technology (MTech) Courses

Communication Engineering and Signal Processing
Computer Science and Engineering
Industrial Automation and Robotics
Power Electronics
Transportation Engineering

Doctor of Philosophy (PhD)

Civil Engineering
Computer Science and Engineering
Electronics and Communication Engineering
Electrical and Electronics Engineering
Mechanical Engineering
Mathematics

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**
Helpline: 95269 24455, 95269 34455, 04884 259000

**ഫാ. തോമസ് കാക്കശ്ശേരി** — എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ** — PRO

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**അധ്യയന വർഷാരംഭം**

2024-26 ബാച്ചിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂലായ് 22ന് കോളേജിൽ വെച്ച് നടന്നു.

**ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.**

2024-26 ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ജൂലായ് 23 മുതൽ 26 വരെ ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. മിസ്റ്റർ സന്തോഷ് കലാഗ്രാമം (ക്ലാസ് : മൈന്റ് റിലാക്സേഷൻ) ഡോ.മല്ലിക ബാലകൃഷ്ണൻ, അനിൽ കുരിശിങ്കൽ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. കോളേജിലെ അസി.പ്രൊഫസർമാരായ ഷിജോ ജോർജ്, ജോംസൺ പി.പി എന്നിവരും ക്ലാസുകൾ നയിച്ചു.

**അഭിനന്ദനങ്ങൾ**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ നാച്ചുറൽ

സയൻസ് വിഭാഗം അസി.പ്രൊഫസർ ശ്രീവിദ്യ രാധാകൃഷ്ണന്റെ ലേഖനം യു.ജി.സി ജേർണലിൽ പ്രസിദ്ധീകരിച്ചതിന്റെ ഭാഗമായി പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അഭിനന്ദിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

**ഫീസ്റ്റ് ഡേ**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ അസി. മാനേജർ റവ. ഡോ. ഷിജു ചിറ്റിലപ്പിള്ളിയുടെയും പ്രിൻസിപ്പൽ റവ. ഡോ. ചാക്കോ ചിറമ്മലിന്റെയും ഫീസ്റ്റ് ഡേ കോളേജിൽ ആഘോഷിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

## കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 2 വെള്ളി | – | ആദ്യവെള്ളി, വി. കുർബാന |
| 4 ഞായർ | – | വി. ജോൺ മരിയ വിയാനി |
| 9 വെള്ളി | – | ക്വിറ്റ് ഇന്ത്യദിനം |
| 15 വ്യാഴം | – | ഇന്ത്യൻ സ്വാതന്ത്ര്യദിനം<br>പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| 29 വ്യാഴം | – | വി. എവുപ്രാസ്യ |

**2. വിജയോത്സവം 2024**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും അധ്യാപകരെയും വിദ്യാലയങ്ങളെയും 2024 ജൂൺ 26ാം തീയതി ബുധനാഴ്ച ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽ കൂടിയ സമ്മേളനത്തിൽ ആദരിച്ചു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് വിജയോൽസവം ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ച ചടങ്ങിൽ, റവ. ഫാ. ജോയ് അടമ്പുകുളം (കോർപ്പറേറ്റ് മാനേജർ) സ്വാഗതവും റവ. ഫാ. ജോസഫ് മുരിങ്ങാത്തേരി (മാനേജർ, സെൻറ് ആൻറണീസ് എച്ച്. എസ്. എസ്. പുത്തൻപീടിക), റവ. ഫാ. ആന്റോ ഒല്ലൂക്കാരൻ (മാനേജർ, സെൻറ് തോമസ് എച്ച്.

എസ്. എസ്. ഏങ്ങണ്ടിയൂർ) ശ്രീ ബെജിൻ പ്രിൻസ് (പ്രിൻസിപ്പൽ, സി. ജെ. എം. എ. എച്ച്. എസ്. എസ്. വരന്തരപ്പിള്ളി), ശ്രീ ജോവൽ വി. ജോസഫ് (ഹെഡ്മാസ്റ്റർ, സി. ജെ. എം. എ. എച്ച്. എസ്. എസ്. വരന്തരപ്പിള്ളി), ശ്രീ കെ. എ. ബെന്നി മാസ്റ്റർ (എച്ച്. എം. ഫോറം സെക്രട്ടറി) എന്നിവർ ആശംസകൾ നേർന്നു. ഹയർ സെക്കൻഡറി വിഭാഗത്തിൽ സെൻറ് ആൻറണീസ് എച്ച്. എസ്. എസ്. പുത്തൻപീടിക, സി. ജെ. എം. എ. എച്ച്.എസ്.എസ്. വരന്തരപ്പിള്ളി, സെൻറ് തോമസ് കോളേജ് എച്ച്. എസ്. എസ്. തൃശ്ശൂർ എന്നീ വിദ്യാലയങ്ങൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എസ്. എസ്. എൽ. സി. പരീക്ഷയിൽ കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷയെഴുതി 100% വിജയം നേടിയ വിദ്യാലയങ്ങൾക്കുള്ള ട്രോഫികൾ സെൻറ് തോമസ് എച്ച്. എസ്. എസ്. ഏങ്ങണ്ടിയൂർ, സി. ജെ. എം. എ. എച്ച്. എസ്. എസ്. വരന്തരപ്പിള്ളി, സെൻറ് സെബാസ്റ്റ്യൻസ് എച്ച്. എസ്. ചിറ്റാട്ടുകര എന്നിവരും സ്വീകരിക്കുകയുണ്ടായി. ശ്രീ കെ. എഫ്. ബാബു മാസ്റ്റർ (എച്ച്. എം. ഫോറം കൺവീനർ) ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 7-9, 14-16, 28-30. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസി

ലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ കരുമത്ര, തങ്ങാലൂർ, വെണ്ടോർ, തിരുത്തിപറമ്പ്, മണലൂർ കിഴക്ക്, മുല്ലശ്ശേരി ഇടവകയിൽ വച്ച് സീറോ ഡിവോഴ്സ് പ്രോഗ്രാം നടത്തുകയുണ്ടായി. ഏകദേശം രണ്ടര മണിക്കൂറുള്ള ഒരു പ്രോഗ്രാമാണ് ഇത്. സീറോ ഡിവോഴ്സ് പ്രോഗ്രാം അച്ചന്റെ ഇടവകയിൽ നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെയുള്ള നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ. 9497179780, 9605043327.

**ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള പ്രീകാന കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള ഏകദിന പ്രീകാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലൈ 14–ാം തിയ്യതി ഞായറാഴ്ച്ച നടത്തപ്പെട്ടു. പങ്കെടുത്തവർക്കും നേതൃത്വം കൊടുത്തവർക്കും ഒത്തിരി നന്ദി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് – 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2024 പഴയന്നൂർ (ചേലക്കര ഫൊറോനയിലെ ഭാര

വാഹികൾക്കുവേണ്ടി), പൊന്നൂക്കര, കോനിക്കര, മുണ്ടൂർ, ചൊവ്വന്നൂർ, ചേറൂർ, പുതുക്കാട്, വരാക്കര, അരണാട്ടുകര, പറപ്പൂർ എന്നീ ഇടവകയിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**മെറിറ്റ് ഡേ**

2024 ജൂലൈ 13-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെറിറ്റ് ഡേ 2024 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ 2023 – 2024 അദ്ധ്യയന വർഷത്തിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളെ ആദരിക്കുകയും ചെയ്തു. ഫാ. അലക്സ് മരോട്ടിക്കൽ ക്ലാസ്സ് നയിച്ചു. പങ്കെടുത്തവർക്കും നേതൃത്വം കൊടുത്തവർക്കും നന്ദി.

**ഭവനം നിർമ്മിച്ച് നൽകി**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെയും പറപ്പൂർ ഇടവക കേന്ദ്രസമിതിയുടെയും നേതൃത്വത്തിൽ പറപ്പൂർ ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹിക്ക് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ഫൊറോന വികാരി ഫാ. സെബി പുത്തൂർ നിർവ്വഹിച്ചു. തദവസരത്തിൽ തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ഡെന്നി താണിക്കലച്ചന്റെ നേതൃത്വത്തിൽ അതിരൂപത കേന്ദ്രസമിതി ഭാരവാഹികളും പറപ്പൂർ ഇടവക കേന്ദ്രസമിതി ഭാരവാഹികളും സന്നിഹിതരായിരുന്നു.

**കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സ്, ലീഡേഴ്സ് സംഗമം**

2024 ആഗസ്റ്റ് 3-ാം തിയ്യതി ശനിയാഴ്ച്ച കാലത്ത് 10 മണി മുതൽ 12.30 വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകകളിലെ കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സ്, ലീഡേഴ്സ് സംഗമം സംഘടിപ്പിക്കുന്നു. പ്രസ്തുത കൂട്ടായ്മയിലേക്ക് ഇടവകയിലെ എല്ലാ യൂണിറ്റുകളിലെ കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സിനെയും ലീഡേഴ്സിനെയും പ്രത്യേകം ക്ഷണിക്കുന്നു. കുട്ടികൂട്ടായ്മ ഇല്ലാത്ത ഇടവകകളിൽ ആരംഭിക്കുന്നതിന് മുന്നോടിയായി ആ ഇടവകയിൽ നിന്ന് ആനിമേറ്ററായി കേന്ദ്രസമിതിയിലെ ഒരു ഭാരവാഹിയെയോ അല്ലെങ്കിൽ ഇതിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തിയെയോ നിർബന്ധപൂർവ്വം പറഞ്ഞയക്കുമല്ലോ.

**മിഷൻ യാത്ര**

തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഒരു മിഷ്യൻ യാത്ര സംഘടിപ്പിക്കുന്നു. മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് അറിയുവാനും അവരെ സഹായിക്കുവാനും ഉള്ള ഒരു അവസരം ഈ യാത്രയിലൂടെ ഒരുക്കുന്നു. ഒക്ടോബർ അവസാന ആഴ്ചയാണ് ഈ യാത്ര പോകുവാൻ ഉദ്ദേശിക്കുന്നത്. യാത്ര ചിലവും സാധിക്കാവുന്ന രീതിയിൽ സാമ്പത്തികമായി സഹായിക്കുവാനും ഈ യാത്രക്ക് താല്പര്യമുള്ളവരുമായ കുടുംബകൂട്ടായ്മ ഭാരവാഹികൾ (15/08/2024) ന് മുമ്പായി താഴെ കാണുന്ന വാട്ട്സപ്പ് നമ്പറിൽ 9895234609 ബന്ധപ്പെടുമല്ലോ.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## മാതൃവേദി

**മാതൃവേദി ആനിമേറ്റഴ്സ് (സിസ്റ്റേഴ്സ്) സംഗമം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലെയും മാതൃവേദിക്ക് നേതൃത്വം കൊടുക്കുന്ന ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിന്റെ സംഗമം ജൂലൈ 6-ാം തിയ്യതി ശനിയാഴ്ച്ച 10.00 മുതൽ 1.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുകയുണ്ടായി. പങ്കെടുത്ത എല്ലാ ബഹു. സിസ്റ്റേഴ്സിനും ക്ലാസ്സ് നയിച്ച ബഹു. രാജു അക്കരച്ചനും ഈ സംഗമം ഉദ്ഘാടനം ചെയ്ത മാർ ടോണി നീലങ്കാവിൽ പിതാവിനും ബഹു. സിസ്റ്റേഴ് സിനെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും ഒത്തിരി ഒത്തിരി നന്ദി.

**നേതൃത്വ പരിശീലന പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ അമ്മമാരെ സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രാമിന്റെ ആറാമത്തെ സെമിനാർ ആഗസ്റ്റ് 20ന് ചൊവ്വാഴ്ച്ച

10 മണി മുതൽ 1 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രാമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**ബൈബിൾ പകർത്തി എഴുതൽ challenge**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ബൈബിൾ പകർത്തി എഴുതൽ challenge ആരംഭിക്കുകയാണ്. ബൈബിൾ അപ്പൊസ്റ്റൊലേറ്റുമായി ചേർന്നാണ് ഇത് സംഘടിപ്പിക്കുന്നത്. പക്ഷേ രണ്ട് സ്ഥലത്തും പേര് രജിസ്റ്റർ ചെയ്യണം. അതായത് ബൈബിൾ അപ്പൊസ്റ്റൊലേറ്റിലും മാതൃവേദി ഓഫീസിലും. നേരത്തെ ബൈബിൾ അപ്പൊസ്റ്റൊലേറ്റിൽ പേര് രജിസ്റ്റർ ചെയ്തവർ ഇനി വീണ്ടും ബൈബിൾ അപ്പൊസ്റ്റൊലേറ്റിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതില്ല. പക്ഷെ മാതൃവേദിയിൽ പേർ രജിസ്റ്റർ ചെയ്യണം. മാതൃവേദിയിൽ പേര് രജിസ്റ്റർ ചെയ്യാൻ മാതൃവേദി വാട്ട്സ് അപ്പ് ഗ്രൂപ്പിൽ പേരും ഇടവകയും ഫോൺ നമ്പറും എഴുതിയാൽ മതി. ഡിസംബറിൽ എഴുതി കഴിഞ്ഞാൽ ജനുവരി ആദ്യം എഴുതി കഴിഞ്ഞവരുടെ സംഗമം നടത്തും. പുതിയ നിയമം എഴുതിയ എല്ലാ മാതൃവേദി അമ്മമാർക്കും അതിരൂപത മാതൃവേദിയുടെ പ്രത്യേക സമ്മാനവും സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്. എഴുതാനുള്ള പേപ്പർ 500 രൂപ കൊടുത്താൻ ബൈബിൾ അപ്പൊസ്റ്റൊലേറ്റിൽ നിന്ന് പേപ്പർ ലഭിക്കുന്നതാണ്. അല്ലെങ്കിൽ A4 സൈസ് വരയിട്ട പേപ്പർ വാങ്ങി ഇടത്ത് വശത്ത് നന്നായി മാർജിൻ ഇട്ട് വേണം എഴുതാൻ അല്ലെങ്കിൽ ബൈന്റ് ചെയ്യുമ്പോൾ കുറെ ഉള്ളിലേക്ക് പോകും. ഇതുമായി സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ വിളിക്കേണ്ട നമ്പർ. +91 9847687722, +91 9495332005. നേരത്തെ മാതൃവേദിയിലെ അമ്മമാർ പുതിയ നിയമം എഴുതിയിട്ടുണ്ടെങ്കിൽ പിന്നെ വീണ്ടും എഴുതണമെന്നില്ല, അത് കൊണ്ടുവന്നാൽ മതി. പക്ഷേ നമ്മുടെ ഗ്രൂപ്പിൽ പേര് രജിസ്റ്റർ ചെയ്യണം എന്ന കാര്യം മറക്കരുതേ. മാതൃവേദിയിലെ അമ്മമാർക്ക് മാത്രമേ ഇതിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി ആഗസ്റ്റ് 15 ആണ്.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ആഗസ്റ്റ് 5 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**'ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024'**

ആരോഗ്യ രംഗത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളം ഇന്ന് നിഷ്കളങ്കരക്തം ചൊരിയുന്ന നാടായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ജീവനും ജീവിതവും സംരക്ഷിക്കപ്പെടണം എന്ന ആശയം മുൻനിർത്തി, 1971 ലെ എം.ടി.പി. ആക്റ്റ് - ഭ്രൂണഹത്യാ നിയമം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ സംഘടിപ്പിക്കപ്പെടുന്ന 'ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024' എന്ന നാഷണൽ റാലി 2024 ആഗസ്റ്റ് മാസം 10-ാം തീയതി തൃശ്ശൂരിൽ വച്ച് നടക്കുന്നു. ഭാരതത്തിൽ ഇത്തരത്തിൽ മൂന്നാമത്തെ റാലിയാണ് തൃശ്ശൂരിൽ വച്ച് നടക്കുന്നത്. ഇന്ത്യയുടെ മുഴുവൻ രൂപതകളിൽ നിന്നുമുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പ്രസ്തുത പരിപാടി വൻ വിജയമാക്കുവാൻ എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നും അന്നേദിവസം രാവിലെ 8.30 ന് ആരംഭിക്കുന്ന സെമിനാറിലും ദിവ്യബലിയിലും പൊതുസമ്മേളനത്തിലും തുടർന്ന് വൈകിട്ട് 3.30 നുള്ള റാലിയിലും എല്ലാവരും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**' ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024' മദ്ധ്യസ്ഥ പ്രാർത്ഥന**

ഇന്ത്യാസ് മാർച്ച് ഫോർ ലൈഫ് 2024 ന്റെ വിജയത്തിനായി ജൂൺ 10-ാം തിയ്യതി തിങ്കളാഴ്ച്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മദ്ധ്യസ്ഥ പ്രാർത്ഥന ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ജൂൺ 10 മുതൽ ആഗസ്റ്റ് 10 വരെ എല്ലാ ദിവസവും രാവിലെ 10 മുതൽ 12 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ചാപ്പലിൽ വച്ച് മാർച്ച് ഫോർ ലൈഫിന്റെ വിജയത്തി

നുവേണ്ടിയുള്ള ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കു ന്നതാണ്. സാധിക്കുന്നവർക്ക് ഈ മദ്ധ്യസ്ഥ പ്രാർത്ഥനയിലും ആരാധനയിലും പങ്കുചേരാവുന്നതാണ്.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ജൂലായ് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ആഗസ്റ്റ് 11-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**'അമ്മ മാലാഖ'**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ സഹകരണത്തോടെ കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച സപ്ന ട്രേസിയുടെ ജീവിതകഥ പറയുന്ന പുസ്തകമാണ് 'അമ്മ മാലാഖ'. സ്വന്തം ജീവൻ നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്നറിഞ്ഞിട്ടും ഉദരത്തിലുള്ള കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻവേണ്ടി സ്വജീവൻ ബലിയർപ്പിച്ച ഒരമ്മയുടെ നിസ്വാർത്ഥ സ്നേഹത്തിന്റെയും ധീരതയാർന്ന ജീവത്യാഗത്തിന്റെയും നേർചിത്രം വരച്ചു കാട്ടുന്നു ഈ പുസ്തകം. വിശ്വാസം ബലികഴിക്കാതെ ത്യാഗജീവിതം നയിക്കാൻ പ്രചോദനം പകരുന്ന ഈ പുസ്തകം എല്ലാ അമ്മമാരും വായിച്ചിരിക്കേണ്ട ഒന്നാണ്. കോപ്പികൾ ആവശ്യമുള്ളവർക്ക് തൃശ്ശൂർ അതിരൂപത ലോഫ്, ഫാമിലി അപ്പൊസ്തൊലേറ്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ നമ്പർ - 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാ

ഹം' ആഗസ്റ്റ് 15-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബ ങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ആഗസ്റ്റ് 2,3,4 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 2 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 4 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

ജൂലായ് മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 28-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. പ്രാർത്ഥനയ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠന ത്തിന് ലോഫ് ദമ്പതികൾ നേതൃത്വം നൽകി. പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# പിതൃവേദി

**ആദരം - 2024**

തൃശ്ശൂർ അതിരൂപത പിതൃവേദിയുടെ നേതൃത്വത്തിൽ പിതൃവേദി അംഗങ്ങളുടെ മക്കളിൽ നിന്നും ഈ വർഷം (2023-2024) പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ മക്കളെ ആദരിക്കുന്നതിന്റെ മുന്നോ ടിയായി സമ്മാനാർഹരുടെ മാർക്ക്ഷീറ്റിന്റെ കോപ്പിയുടെ പുറകിൽ ഇടവകയുടെ പേരും പിതൃവേദി അംഗത്തിന്റെ പേരും വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയതിനുശേഷം അതിന്റെ കോപ്പിയും സമ്മാ നാർഹരായ കുട്ടിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും കോൺടാക്ട് നമ്പറും (വാട്സ് ആപ്പ് നമ്പർ) ഫാമിലി അപ്പൊസ്റ്റൊ ലേറ്റിൽ ആഗസ്റ്റ് 20 ന് മുൻപായി ഏൽപിക്കേണ്ടതാണ്. പിന്നീട്

വരുന്നത് പരിഗണിക്കുന്നതല്ല. സമ്മാനവിതരണ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ഡെന്നി താണിക്കൽ** — **ശ്രീ. ജോജു നീലങ്കാവിൽ**
ഡയറക്ടർ — പ്രസിഡന്റ്

## CCWI

**പീസ് ഹോം സന്ദർശനം**

അതിരൂപത സംഘടനയായ സി.സി.ഡബ്ലിയു.ഐ യുടെ നേതൃത്വത്തിൽ പെരിങ്ങണ്ടൂരിലുള്ള പോപ് ജോൺ പോൾ പീസ് ഹോം സന്ദർശിക്കുകയും അന്തേവാസികളൊത്ത് സമയം ചിലവഴിക്കുകയും അവരോടൊപ്പം ഭക്ഷിക്കുകയും അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് ഒരു ദിവസം പീസ് ഹോം മക്കളോടൊന്നിച്ച് സമയം ചിലവഴിച്ചു.

**ആരോഗ്യ പരിരക്ഷ സെമിനാർ**

സി.സി.ഡബ്ലിയു.ഐ അംഗങ്ങൾക്കുവേണ്ടി സ്കിൻ സംബന്ധമായ രോഗങ്ങളും അതിനുള്ള പ്രതിവിധികളും സംബന്ധിച്ചുള്ള സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ഈ സെമിനാറിന് ഡോ. റോഷൻ മേരി നേതൃത്വം വഹിച്ചു.

**ഫാ. ഡെന്നി താണിക്കൽ** — **ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
ഡയറക്ടർ — പ്രസിഡന്റ്

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ഭിന്നശേഷിക്കാരായിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി**

ഭിന്നശേഷിക്കാരായിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് എളുപ്പത്തിൽ ജോലി ലഭിക്കുന്നതിനായി അവരവരുടെ താമസ പരിധിയിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പേരുകൾ രജിസ്റ്റർ ചെയ്യാ

വുന്നതാണ്. ഇതുവരെയും രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്ത തൃശ്ശൂർ അതിരൂപത അംഗങ്ങൾക്ക് മാത്രം തൃശ്ശൂർ അതിരൂപതയുടെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ പ്രവർത്തിക്കുന്ന സംവിധാനത്തിലൂടെ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്നതിന് താഴെപ്പറയുന്ന രേഖകളുമായി വരേണ്ടതാണ്. ഓഫീസിൽ രാവിലെ 9.30 മുതൽ 5 വരെ താഴെപറയുന്ന രേഖകളുമായി വന്ന് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ

1. താമസിക്കുന്ന സ്ഥലം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
2. പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3. സംവരണ സമുദായത്തിൽപ്പെട്ടവരാണെങ്കിൽ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
4. വിദ്യാഭ്യാസ യോഗ്യത, പരിചയം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും.
5. വികലാംഗരുടെ കാര്യത്തിൽ വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ വിധവകൾ/ വിവാഹമോചിതർ/ അവിവാഹിതർ. 35 വയസ്സിനു മുകളിൽ പ്രായമുള്ളവർ. അന്തർജാതി വിവാഹം തുടങ്ങിയവയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾ ക്ലെയിം ചെയ്യുന്നതിനുള്ള വൈവാഹിക നില തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.

താമസസ്ഥലം തെളിയിക്കാൻ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ

1. സ്കൂൾ/കോളേജ് സർട്ടിഫിക്കറ്റുകൾ.
2. റേഷൻ കാർഡ്.
3. ഇലക്ടറുടെ ഫോട്ടോ ഐഡന്റിറ്റി കാർഡ് (സ്വന്തം പേരിൽ/ അച്ഛൻ/അമ്മ/ഭാര്യ അല്ലെങ്കിൽ ഭർത്താവിന്റെ പേരിൽ).
4. ഇലക്ടറൽ റോൾ എക്സട്രാക്റ്റിന്റെ പകർപ്പ്.
5. പാസ്പോർട്ട് (സ്വന്തം പേരിൽ/അച്ചൻ/അമ്മ/ഭാര്യ അല്ലെങ്കിൽ ഭർത്താവിന്റെ പേരിൽ)
6. റവന്യൂ അധികാരികളിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.
7. തദ്ദേശ സ്ഥാപന അധികാരികളുടെ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.
8. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
9. ശാരീരിക വൈകല്യമുള്ളവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ്.

10. ഉദ്യോഗാർത്ഥിയുടെ അച്ഛൻ/അമ്മ/ഭാര്യ/ഭർത്താവ് എന്നിവർക്ക് തൊഴിലുടമ നൽകുന്ന തൊഴിൽ സർട്ടിഫിക്കറ്റ്.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# മദ്യവിരുദ്ധസമിതി

**1. യൂണിറ്റ് രൂപീകരണം – മുണ്ടത്തിക്കോട് 09.06.2024**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത മുണ്ടത്തിക്കോട് ക്രിസ്തുരാജ ദൈവാലയത്തിൽ മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് കൂടിയ യോഗത്തിന് ഇടവക വികാരി ഫാ. ഫ്രാങ്കോ പുത്തിരി അദ്ധ്യക്ഷനായിരുന്നു. തൃശൂർ അതിരൂപത ഡയരക്ടർ ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ടി.എസ്. അബ്രാഹം സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും തെരഞ്ഞെടുപ്പ് രീതികളെക്കുറിച്ചും വിശദീകരണം നൽകി. കെ.എ. ജോൺസൺ (പ്രസിഡന്റ്), എ.എൽ. തോമസ് (സെക്രട്ടറി), സി.ജി. സൈമൺ (ട്രഷറർ) തുടങ്ങിയവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. യൂണിറ്റിന്റെ ആനിമേറ്റർ ആയത് സി.എസ്.സി. സമൂഹത്തിന്റെ മദർ സി. മഹിമയാണ്. 250 ആളുകൾ യോഗത്തിൽ പങ്കെടുത്തു.

**2. മധ്യമേഖല സമ്മേളനം 17.06.2024**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മധ്യമേഖലയുടെ നേതൃത്വ

ത്തിൽ പാലക്കാട് രൂപതയിലെ സെന്റ് റാഫേൽ കത്തീഡ്രൽ സ്കൂൾ ഹാളിൽ മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. സമ്മേളനത്തിൽ പി.ആർ.ഒ. തൃശൂർ അതിരൂപതാ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണം നടത്തി. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ തൃശൂർ അതിരൂപതയെ യോഗം അഭിനന്ദിച്ചു. പാലക്കാട് ഡയരക്ടറച്ചനിൽ നിന്നും തൃശൂർ അതിരൂപത ഡയരക്ടറച്ചനും സംഘവും ട്രോഫി ഏറ്റുവാങ്ങി.

**3. വാ. മാറ്റ് ടാൽബോത്ത് അനുസ്മരണം 19.06.2024**

തൃശൂർ പുത്തൻപള്ളി മാതാനികേതൻ ഹാളിൽ അരങ്ങേറിയ വാ. മാറ്റ് ടാൽബോത്ത് അനുസ്മരണ യോഗം സെന്റ് തോമസ് കോളെജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായി. മുഖ്യപ്രഭാഷകനായത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്.

**4. യൂണിറ്റ് രൂപീകരണം വെളപ്പായ– 23.06.2024**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത കൊട്ടേക്കാട് ഫൊറോനയിലെ വെളപ്പായ സെന്റ് മേരീസ് ഇടവകയിൽ യൂണിറ്റ് രൂപീകരണം സംഘടിപ്പിച്ചു. അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. ദൈവാലയത്തിൽ കൂടിയ യോഗത്തിൽ ശ്രീമതി അന്നമ്മ റാണി പ്രാർത്ഥന നയിച്ചു. അദ്ധ്യക്ഷത വഹിച്ചത് ഇടവക വികാരി റവ. ഫാ. വിൻസെന്റ് കണിമംഗലത്തുകാരനാണ്. അതിരൂപത ഡയരക്ടർ ആമുഖപ്രഭാഷകനായി. സംഘടനയുടെ പ്രവർത്തനവും തെരഞ്ഞെടുപ്പ് നിയമവും സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ടി.എസ്. അബ്രാഹം അവതരിപ്പിച്ചു. മാത്യു തലക്കോടൻ (പ്രസിഡന്റ്), ഡോ. എഡ്വിൻ ഫ്രാൻസീസ് എടക്കളത്തൂർ (സെക്രട്ടറി), ശ്രീ. ഡേവീസ് ചിറമ്മൽ (ട്രഷറർ) തുടങ്ങിയവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. അഭിനവ പ്രസിഡന്റ് കൃതജ്ഞതയരുളി. പ്രാർത്ഥനയോടെ യോഗം പര്യവസാനിക്കുകയും ചെയ്തു.

**5. യൂണിറ്റ് രൂപീകരണം വെള്ളാനിക്കോട് – 23.06.2024**

പുതുക്കാട് ഫൊറോനയിലെ വെള്ളാനിക്കോട് ഇടവകയിൽ മദ്യവിരുദ്ധ സമിതി യൂണിറ്റ് നിലവിൽ വന്നു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടിപ്പിച്ച യോഗത്തിൽ ഇടവക വികാരിയും പുതുക്കാട് ഫൊറോന പ്രൊമോട്ടറുമായ റവ. ഫാ. സോണി കിഴക്കൂടനാണ് അദ്ധ്യക്ഷനായത്. അതിരൂപത പ്ര

സിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ സംഘടനാ പ്രവർത്തനങ്ങൾ വിശദമാക്കി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. റംസി അറക്കൽ (പ്രസിഡന്റ്), ഷാജു പുളിക്കൻ (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു. ശ്രീ. ലിജിമോൻ കുണ്ടുകുളം കൃതജ്ഞതയർപ്പിച്ചു. പ്രാർത്ഥനയോടെ യോഗത്തിന് പരിസമാപ്തിയായി.

**6. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം 26.06.2024**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി തൃശൂർ അതിരൂപതയും പുതുക്കാട് ഫൊറോന സമിതിയും സംയുക്തമായി അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. ആമ്പല്ലൂർ സെന്ററിൽ അരങ്ങേറിയ ഏകദിന പൊതുസമ്മേളനത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ ഉദ്ഘാടകനായി. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷപദം അലങ്കരിച്ചു. പുതുക്കാട് ഫൊറോന വികാരി വെരി റവ. ഫാ. പോൾ തേക്കാനത്ത് ആമുഖപ്രഭാഷണവും ഫൊറോന പ്രൊമോട്ടർ റവ. ഫാ. സോണി കിഴക്കൂടൻ അനുഗ്രഹപ്രഭാഷണവും നടത്തി. തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ പൊതുസമ്മേളനത്തിന് സമാപന സന്ദേശം നൽകി.

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊഴുക്കുള്ളി സ്വരാജ് സ്കൂൾ, വടക്കാഞ്ചേരി സെന്റ് പയസ് സ്കൂൾ, കുരിയച്ചിറ സെന്റ് ജോസഫ് സ്കൂൾ, ചിയ്യാരം സെന്റ് മേരീസ് യു.പി. സ്കൂൾ, പള്ളിക്കുന്ന് സി.ജെ.എം.എ. സ്കൂൾ, തലക്കോട്ടുകര അസ്സീസി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെങ്ങാലൂർ സെന്റ് മേരീസ് ഹൈസ്കൂൾ, വടക്കാഞ്ചേരി ബസ് സ്റ്റാന്റ്, പൂമല ഹോളി ഫാമിലി സ്കൂൾ, അതിരമ്പുഴ സെന്റ് അലോഷ്യസ് സ്കൂൾ എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടിപ്പിച്ചു. എരുമപ്പെട്ടി, മുളയം, വലപ്പാട്, പൊങ്ങണംകാട്, ചേർപ്പ്, കുമ്പളങ്ങാട്, ചിയ്യാരം, പതിയാരം, പഴുവിൽ, വടക്കാഞ്ചേരി തുടങ്ങിയ യൂണിറ്റുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പോസ്റ്റേഴ്സ്, ഫ്ളക്സ്, ബാനർ പ്രദർശനം തുടങ്ങിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ അരങ്ങേറി.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ** — ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്** — പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

**പ്രാർത്ഥനാ ദിനങ്ങൾ**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3 ന് തിരുബാലസഖ്യാംഗങ്ങളും, വി. അന്നയുടെയും ജൊവാക്കീമിന്റെയും തിരുനാൾ ദിനമായ ജൂലൈ 26 ന് അൾത്താരസംഘാംഗങ്ങളും, വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ ദിനമായ ജൂലൈ 31 ന് ജൂനിയർ സി.എൽ.സി അംഗങ്ങളും ഇടവകതലത്തിൽ പ്രാർത്ഥനാദിനമായി ആചരിച്ചു.

പ്രാർത്ഥനാ വിഷയങ്ങൾ:

1. തിരുബാലസഖ്യം - ദുരിതമനുഭവിക്കുന്ന കുഞ്ഞുങ്ങൾക്ക്
2. അൾത്താരസംഘം - ആഗോള സഭയിലെ പുരോഹിതർക്ക്
3. ജൂനിയർ സി.എൽ.സി. - ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയ്ക്ക്

പ്രാർത്ഥനാ ദിനം ആചരിച്ച രീതി

1. ഓരോ യൂണിറ്റിലെയും ബഹു. ഡയറക്ടറച്ചന്റെ അനുവാദത്തോടെ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധനയോടുകൂടെയാണ് പ്രാർത്ഥനാ ദിനം വിവിധ യൂണിറ്റുകളിൽ ആചരിച്ചത്.
2. ഓരോ സംഘടനയുടേയും യൂണിറ്റ് ഭാരവാഹികളാണ് ആരാധനയ്ക്ക് നേതൃത്വം നൽകിയത്.
3. സംഘടനയിലെ മറ്റു അംഗങ്ങൾക്ക് പ്രാർത്ഥനയ്ക്കും, വചനവായനയ്ക്കും, ഗീതങ്ങൾ ആലപിക്കുന്നതിനും അവസരം നല്കി.
4. പ്രാർത്ഥനാ വിഷയങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ആനിമേറ്റേഴ്സ് കുട്ടികളെ ബോധ്യപ്പെടുത്തി.

**ദുക്റാന തിരുനാൾ പ്രസംഗമത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെയും മീഡിയ കത്തോലിക്കയുടേയും സംയുക്താഭിമുഖ്യത്തിൽ തൃശ്ശൂർ അതിരൂപത തിരുബാലസഖ്യം കുട്ടികൾക്കായി ഓൺ ലൈൻ പ്രസംഗമത്സരം സംഘടിപ്പിച്ചു. വി. തോമാ ശ്ലീഹായുടെ ദുക്റാന തിരുനാളിൽ തിരുബാലസഖ്യം പ്രാർത്ഥനാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായാണ് 'വി. തോമാ ശ്ലീഹാ'യെകുറിച്ച് ഈ പ്രസംഗമത്സരം സംഘടിപ്പിച്ചത്. തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും സ്കൂളുകളിൽ നിന്നുമായി 307 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

ക്ലാസ് അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരം വിലയിരുത്തിയത്. ഒന്നാം സമ്മാനത്തിന് അർഹത നേടിയ വീഡിയോസ് Media Catholica യുട്യൂബ് ചാനലിൽ പ്രദർശിപ്പിച്ചു. ഓരോ വിഭാഗങ്ങളിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് 2025 ജനുവരി 19–ന് ഡി.ബി.സി.എൽ.സി.യിൽ വെച്ച് സമ്മാനം നൽകുന്നതാണ്. മത്സര വിജയികളുടെ പേരുകൾ താഴെ കൊടുക്കുന്നു.

*Sub Junior (Below STD I)*

FIRST - Evaniya Shaju K (STD UKG, S H C L P School, Vylathur)

SECOND - Andrea Xavier (STD Nursery, Arogyamatha Church, Karumathra)

THIRD - Joshua B Shanil (STD Nursery, St. Patric Church, Mulayam)

*Junior (STD I to IV)*

FIRST - Anna Elizabeth V S (STD 4, S H C L P School, Vylathur)

SECOND - Catherine C S (STD 4, St. Mary's Church, Perakam)

THIRD - Jewel Rose Paul (STD 4, St. Mary's L P School, Ollur)

*Senior (STD V to VII)*

FIRST - Aleena Jaison (STD 7, St. Antony's Church, Chirakkal)

SECOND - Shawn Shoby Thekkekara (STD 5, St. Joseph's Church, Ollukara)

THIRD - Novamariya Sony (STD 6, St. Alphonsa's Church, Tholur)

**സാഹിത്യമത്സരം 2024**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി തൃശ്ശൂർ സെന്റ് ക്ലയേഴ്സ് സ്കൂളിലും ഡി.ബി.സി.എൽ.സി. യിലുമായി 2024 ജൂലൈ 13 ന് സാഹിത്യമത്സരം സംഘടിപ്പിച്ചു. അതിരൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നുമായി 1374 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. ചെറുകഥ, കവിത, ഉപന്യാസം, പെൻസിൽ ഡ്രോയിങ്ങ് എന്നീ മത്സരങ്ങളാണ് നടത്തപ്പെട്ടത്.

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഓരോ പ്രവർത്തനങ്ങളിലും കൂടുതൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന അതിരൂപതയിലെ മിടുമിടുക്കരായ എല്ലാ കുഞ്ഞുമക്കളോടും നന്ദിയും സ്നേഹവും അഭിനന്ദനങ്ങളും അറിയിക്കുന്നു. മത്സരഫലം 2024 ഓഗസ്റ്റ് 15 ന് മുമ്പ് അറിയിക്കുന്നതാണ്.

**ഫൊറോനതല കലാമത്സരങ്ങൾ 2024**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി ഫൊറോന പ്രൊമോട്ടറുടെ നേ

തൃത്വത്തിൽ 2024 ഓഗസ്റ്റ് മാസത്തിൽ ഫൊറോനാതല കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഫൊറോനാതല കലാമത്സരങ്ങൾക്കുശേഷം, അതിരൂപതാതലത്തിൽ മത്സരിക്കുന്ന കുട്ടികളുടെ പേരുവിവരം അടങ്ങുന്ന എൻട്രി ഫോം ഫൊറോന പ്രമോട്ടറച്ചൻ 2024 സെപ്റ്റംബർ 3 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 2024 സെപ്റ്റംബർ 21-ാം തിയതി ശനിയാഴ്ച്ച കുരിയച്ചിറ, സെന്റ് ജോസഫ്സ് മോഡൽ പബ്ലിക്ക് സ്കൂളിൽ വച്ചായിരിക്കും അതിരൂപതാതല കലോത്സവം നടത്തപ്പെടുക. മത്സരങ്ങളുടെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലോത്സവം 2024 നവംബർ 9-ാം തിയതി ശനിയാഴ്ച്ച കുരിയച്ചിറ, സെന്റ് ജോസഫ്സ് മോഡൽ പബ്ലിക്ക് സ്കൂളിൽ വച്ചായിരിക്കും നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യ കലോത്സവത്തിന്റെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും പിന്നീട് അയക്കുന്നതാണ്.

**Saints' Quiz 2k24-25**

വിശുദ്ധരെക്കുറിച്ച് പഠിക്കുവാനും അവരുടെ ജീവിത മാതൃകകൾ ആഴത്തിൽ ഉൾക്കൊള്ളുവാനും തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി.എൽ.സി.യും മിഷൻ ലീഗും സംയുക്തമായി വിശ്വാസപരിശീലന വിദ്യാർഥികൾക്കായി ഈ വർഷവും Saints' Quiz 2k24-25 സംഘടിപ്പിക്കുന്നു.

ഇടവകതലം : 2024 നവംബർ 3 ഞായർ, സമയം : 3.00 pm to 3.30 pm - യൂണിറ്റ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ

ഫൊറോനാതലം : 2024 ഡിസംബർ 1 ഞായർ, സമയം : 3.00 pm to 4.30 pm -– ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടറച്ചന്റെ നേതൃത്വത്തിൽ

അതിരൂപതാതലം : 2025 ജനുവരി 2 വ്യാഴം, സമയം : 2.00 pm to 4.30 pm ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപത ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ

2024 ജൂലൈ 31 ന് പ്രസിദ്ധീകരിക്കുന്ന ചോദ്യോത്തരരൂപത്തിലുള്ള Saints' Quiz പഠനസഹായി പുസ്തകം ഓർഡർ ചെയ്തവർക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും പുസ്ത കങ്ങൾ ലഭിക്കുന്നതാണ്. പുസ്തകം ഒന്നിന് വില 15/- രൂപ.

**എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. അതിരൂപത ആനിമേറ്റർ ഭാരവാഹികളുടേയും കുട്ടികളിൽ നിന്നു

മുള്ള അതിരൂപത ഭാരവാഹികളുടേയും 16 ഫൊറോനകളിൽ നിന്നുമുള്ള ഫൊറോന പ്രസിഡന്റുമാരുടേയും യോഗം 2024 ഓഗസ്റ്റ് 10-ാം തിയതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

എല്ലാവരും നിർബന്ധമായും ഈ മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിങ്ങിൽ സംബന്ധിക്കുവാൻ അസൗകര്യമുള്ളവർ തക്കതായ കാരണം അതിരൂപത ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്. ബഹു. ഫൊറോന പ്രമോട്ടറച്ചന്മാരും യൂണിറ്റ് ഡയറക്ടറച്ചന്മാരും യൂണിറ്റ് ആനിമേറ്റേഴ്സും മേൽപറഞ്ഞ ഭാരവാഹികളെ മീറ്റിങ്ങിലേക്ക് പറഞ്ഞയക്കുമല്ലോ!

**ബെർക്കുമെൻസ് ദിനാചരണം**

അൾത്താരസംഘം കുട്ടികൾ ആഗസ്റ്റ് 13 ന് അവരുടെ മധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ഇടവകതലത്തിൽ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം സംഘടനാംഗങ്ങൾ കുർബാന മധ്യേ കാഴ്ച്ചസമർപ്പണം നടത്തേണ്ടതാണെന്നും, കുർബാനയ്ക്കുശേഷം പതാക ഉയർത്തി മീറ്റിംങ്ങ് കൂടേണ്ടതാണെന്നും അറിയിക്കുന്നു. അൾത്താരസംഘത്തിന്റെ പതാക ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പതാക ഒന്നിന് 75/- രൂപയാണ് വില.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''മേഘത്തിൽ നിന്ന് ഇങ്ങനെയൊരു സ്വരമുണ്ടായി: ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ.'' (മത്തായി 17: 5-6)

<u>സുകൃതജപം:</u> രാജാധിരാജന്റെ അമ്മേ, മേരി ലോകറാണി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ!

<u>പ്രാർത്ഥനാ നിയോഗം</u>: രാഷ്ട്രീയ നേതാക്കൾ ജനങ്ങളുടെ സമഗ്രമായ വികസനത്തിന് പ്രത്യേകിച്ച് പാവപ്പെട്ടവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും വേണ്ടിയുള്ള സേവനങ്ങൾക്ക് മുൻഗണന നല്കുന്നവരായി ദൈവഭയത്തോടെ വ്യാപരിയ്ക്കുവാൻ വേണ്ട കൃപാവരത്തിനായി പ്രാർത്ഥിക്കാം.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> ''കർത്താവേ, അങ്ങയുടെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു'' എന്ന അന്തിമവചസ്സുകളോടെ ദിവംഗതനായ ഫ്രാൻസിലെ വി. ഒമ്പതാം ളൂയി രാജാവാണ് (ലൂയി) നാം ഈ മാസം പരിചയപ്പെടുവാൻപോകുന്ന വിശുദ്ധൻ. തന്റെ 21-ാമത്തെ വയസ്സിൽ ളൂയി രാജഭരണം ഏറ്റെ

ടുത്തു. അധികപലിശയും ദൈവദൂഷണവും നിയമവിരുദ്ധമാക്കി. ദിവസംതോറും രാജാവ് ഒന്നിലധികം ദിവ്യബലി അർപ്പിക്കുമായിരുന്നു. രാത്രികാലങ്ങളിൽ മണിക്കൂറുകളോളം വി. കുർബാനയ്ക്കു മുമ്പിൽ ചിലവഴിച്ചിരുന്നു. ജെറുസലേമിലെത്തി വിശുദ്ധ സ്ഥലങ്ങൾക്കായി പൊരുതിയെങ്കിലും കാരാഗൃഹംവരിക്കേണ്ടിവന്നു. പിന്നീട് ഫ്രാൻസിലെ നാട്ടുകാർ ഒരു വലിയ സംഖ്യകൊടുത്ത് അദ്ദേഹത്തെ സ്വതന്ത്രനാക്കി. കുരിശുയുദ്ധത്തിനു പുറപ്പെട്ട രാജാവ് ട്യൂണിസിൽവച്ചു ടൈഫോയിഡുപനി പിടിപ്പെട്ട്, ''കർത്താവേ അങ്ങയുടെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു'' എന്ന അന്തിമവചസുകളോടെ ദിവംഗതനായി. ആഗസ്റ്റ് 25 ന് തിരുസഭ വിശുദ്ധനെ സ്മരിക്കുന്നു.

പ്രവർത്തനം: ആഗസ്റ്റ് 15 ന് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ ദിനത്തിൽ പരിശുദ്ധ അമ്മയെ കുറിച്ചുള്ള വാട്ട്സ്അപ്പ് സന്ദേശങ്ങൾ സുഹൃത്തുക്കളുമായി പങ്കുവെച്ച് മാതൃഭക്തി പ്രചരിപ്പിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി** — ഡയറക്ടർ

**സി. ബീന റോസ് SSPC** — കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയക്ക് സബ് സോൺ (ഫൊറോന) തലങ്ങളിൽ പുതിയ നേതൃത്വം: 16 സബ് സോൺ**

ലൂർദ്, ബസലിക്ക, ഒല്ലൂർ, പുതുക്കാട്, പുത്തൂർ, പഴുവിൽ, പട്ടിക്കാട്, ചേലക്കര, മറ്റം, വടക്കാഞ്ചേരി, കൊട്ടേക്കാട്, വേലൂർ, പാലയൂർ, കണ്ടശംങ്കടവ്, പറപ്പൂർ, എരുമപ്പെട്ടി എന്നി സബ് സോണുകളിൽ ഒൻപതു പേർ അടങ്ങുന്ന ഒരു ടീമിനെ തിരഞ്ഞെടുത്തു. 4 മിനിസ്ട്രികളിലേക്കും പുതിയ നേതൃത്വത്തെ കണ്ടെത്തി. തൂവാനിസ മിനിസ്ട്രി, പാരിഷ് മിനിസ്ട്രി, മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി, കപ്പിൾസ് മിനിസ്ട്രി എന്നിവയിലേക്കും 9 പേർ അടങ്ങുന്ന ടീമിനെ കണ്ടെത്തി. പുതിയ നേതൃത്വത്തെ കണ്ടെത്തുന്ന പക്രിയക്ക് അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. റോയ് വേളകൊമ്പിൽ, അസി. ഡയറക്ടർ ഫാ. സിന്റോ പൊന്തേക്കൻ, കേരള സർവീസ് അംഗം ബ്രദർ സാബു എം. വർഗീസ്, സബ് റീജിയൻ കോ-ഓർഡിനേറ്റർ റോയ് തൈക്കാട്ടിൽ, സോൺ കോ-ഓർഡിനേറ്റർ ബാബു എം. എ, സോൺ സെക്രട്ടറി ലോളി റാഫി, സോൺ സർവീസ് അംഗങ്ങൾ

എന്നിവർ നേതൃത്വം നൽകി. ജൂൺ 18 ചൊവ്വാഴ്ച തിരുസന്നിധേ പഴുവിൽ ഫെറോന യിലെ താന്ന്യം പള്ളിയിൽ വച്ചു നടന്നു. സോണൽ സർവീസ് ടീം നേതൃത്വം നൽകി.

**ഫാ. റോയ് വേളക്കൊമ്പിൽ**

ഡയറക്ടർ

# കാത്തലിക്ക് നേഴ്സസ് ഗിൽഡ്

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ പ്രധാനപ്പെട്ട ദിവസമായ മെയ് 12 അതിരൂപതയിലെ എല്ലാ ആശുപത്രികളിലും സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം എല്ലാ ആശുപത്രികളിലും ഭൂമിയിലെ മാലാഖമാരായ എല്ലാ നേഴ്സുമാർക്കും വേണ്ടി പ്രത്യേകമായി ദിവ്യബലിയും, പ്രാർത്ഥനാശുശ്രൂഷകളും, പ്രതിജ്ഞകളും നടത്തിയിരുന്നു. പ്രത്യേകമായി നേഴ്സസ് ഡേയുടെ ഭാഗമായി ഥങ്ങഇഅ തൃശ്ശൂർ സംഘടിപ്പിച്ച 'നൈറ്റിംഗേൽ അവാർഡ് 2024' എന്ന പരിപാടിയുടെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ആശുപത്രികളിലെ മികച്ച നേഴ്സുമാരെ അവാർഡ് നൽകി ആദരിച്ചു. അതിൽ മികച്ച നേഴ്സായി ശ്രീമതി ഷൈനി ജോസ് തിരഞ്ഞെടുക്കപ്പെടുകയും മാർ ടോണി നീലങ്കാവിൽ പിതാവിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുകയും ചെയ്തു. 'നേഴ്സസ് ഡേ' പ്രമാണിച്ച് വിവിധ ആശുപത്രികളിൽ വൈവിധ്യമാർന്ന കലാപരിപാടികളും ഫ്ളാഷ് മോബും നടത്തിയിരുന്നു.

**ഫാ. ജോയ്സൺ ചെറുവത്തൂർ**

ഡയറക്ടർ

# ജീസസ്സ് യൂത്ത്

**Elysian' യൂത്ത് ഗാതറിംങ്**

ജീസസ് യൂത്ത് തൃശ്ശൂർ സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ സീറോ മലങ്കര രൂപതയിലെ MCYM രൂപതാമേഖല നേതൃത്വങ്ങൾക്കായി യുവജന ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് എലിഷ്യൻ എന്ന പേരിൽ രണ്ടു ദിവസത്തെ (29,30)യൂത്ത് ഗാതറിംങ്

നടത്തി. മൂവാറ്റുപുഴ രൂപതാധ്യക്ഷൻ റവ. ഡോ. യോഹന്നാൻ മാർ തിയോ ഡോഷ്യസ്, മൂവാറ്റുപുഴ MCYM ഡയറക്ടർ ഫാ. ക്ലീറ്റസ് എന്നിവർ വി. ബലിയർപ്പിക്കുകയും തുടർന്ന് കർമ്മപദ്ധതിയുടെ പ്രകാശനം നിർവഹിക്കുകയും ചെയ്തു.

**കേപ്പാ**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന 'കേപ്പാ' എന്ന ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ മൂന്നാമത്തെ മൊഡ്യൂൾ നിർമല കോളേജ്, ചുങ്കത്തിൽ വെച്ച് നടത്തുകയുണ്ടായി. ഈ പരിപാടിയിൽ മുപ്പതോളം യുവജനങ്ങൾ പങ്കെടുത്തു. ഈ ട്രെയിനിങ്ങിൽ പബ്ലിക് സ്പീക്കിങ്ങ് ഇവാഞ്ചലൈസേഷൻ പ്രേത്യേ കിച്ചു വൺ ടു വൺ ഇവാഞ്ചലൈസേഷൻ തുടങ്ങിയവ ചർച്ചാവിഷയമാക്കി ഫാ.സൈമൺ കപ്പൂച്ചിൻ, ഷൈജു മരത്തകര, ജോൺ സണ്ണി, ജോബി പടവരാട്, ബിൻസ് വർഗീസ്, ജെറിൻ ജോയ് (തൃശൂർ ജീസസ് യൂത്ത് കോർഡിനേറ്റർ), കേപ്പാ ട്രെയിനിങ് പ്രോഗ്രാം ജനറൽ കോർഡിനേറ്റർ സാൻജോ ജോൺസൻ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ രണ്ടാം യോഗ റിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ യോഗം 2024 ജൂൺ 8ന് അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ രാവിലെ 9:30ന് രജിസ്ട്രേഷനോടെ ആരംഭിച്ചു. റവ. സി. നമിത റോസ് സി. എം. സി. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ സ്വാഗതമാശംസിക്കുകയും ക്ലാസ്സ് നയിക്കാനെത്തിയ ശ്രീ. ജോർജ്ജ് എഫ്. സേവ്യറിനെ യോഗത്തിന് പരിചയപ്പെടുത്തുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം പാസ്സാക്കി. ജനറൽ സെക്രട്ടറി ഫാ. ഡൊമി

നിക് തലക്കോടൻ ആമുഖപ്രഭാഷണം നടത്തുകയും കാര്യപരിപാടി വിശദീകരിക്കുയും ചെയ്തു.

തുടർന്ന് ''മനുഷ്യജീവനെതിരെയുള്ള വെല്ലുവിളികളും വെല്ലുവിളി ഉയർത്തുന്ന ആധുനിക കുടുംബസാഹചര്യങ്ങളും'' എന്ന വിഷയത്തിൽ കെ. സി. ബി. സി. പ്രോലൈഫ് സംഘടനയുടെ ആദ്യത്തെ സെക്രട്ടറിയും പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനുമായ ശ്രീ. ജോർജ്ജ് എഫ്. സേവ്യർ ക്ലാസ്സ് നയിച്ചു. ജീവനെതിരെയുള്ള വെല്ലുവിളികളെ വളരെ ഗൗരവബോധത്തോടെ കാണേണ്ടതുണ്ട് എന്ന് അദ്ദേഹം യോഗാംഗങ്ങളെ ഓർമ്മപ്പെടുത്തി. ആഗസ്റ്റ് മാസത്തിൽ തൃശ്ശൂരിൽ നടക്കുന്ന മാർച്ച് ഫോർ ലൈഫ് എന്ന പരിപാടിയിൽ അംഗങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. ഇടവേളക്കുശേഷം ക്ലാസ്സിനെ സംബന്ധിച്ച ചോദ്യോത്തരവേളയായിരുന്നു. അംഗങ്ങൾ സജീവമായി അതിൽ പങ്കെടുത്തു. കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളെ സഭ എപ്രകാരം സഹായിക്കുന്നുവെന്ന്  വിശദീകരിച്ചു. ജൂബിലി മിഷൻ ആശുപത്രയിൽ നാലാമത്തെ കുഞ്ഞിന്റെയും അതിനുശേഷമുള്ള കുഞ്ഞുങ്ങൾക്കുമുള്ള പ്രസവചെലവുകൾ സൗജന്യമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ യോഗത്തെ അറിയിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം ഈ ആവശ്യവുമായി ബന്ധപ്പെട്ട 8 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട് എന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി. ഇ. ഒ. ഡോ. ബെന്നി നീലങ്കാവിൽ കൂട്ടിചേർത്തു.

തുടർന്ന് ഫൊറോന കൗൺസിൽ ചർച്ച ചെയ്ത റിപ്പോർട്ടുകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് അജണ്ട കമ്മറ്റിയംഗം ശ്രീ. എ. ഡി. ഷാജു അവതരിപ്പിച്ചു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അറിയിപ്പുകൾ നൽകി. അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം 2024 സെപ്തംബർ 14നാണ് എന്ന് അറിയിച്ചു. ആഗസ്റ്റ് 10ന് നടക്കുന്ന മാർച്ച് ഫോർ ലൈഫ് വിജയകരമാക്കാൻ ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചു.

മാർച്ച് ഫോർ ലൈഫ് -ന്റെ ഒപ്പുശേഖരണ യജ്ഞത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്നിർവ ഹിച്ചു. തുടർന്ന് നടന്ന ശൂന്യവേളയിൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് നടപ്പിലാക്കണമെന്ന ആവശ്യവുമായി ജൂലൈ 3ന് ഫൊറോനതലത്തിൽ ധർണ്ണകൾ നടത്താൻ അഡ്വ. ബിജു കുണ്ടുകുളം അഭിപ്രായപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ്സ് ഈ പരിപാടിക്ക് നേതൃത്വം നൽകാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സമാപന സന്ദേശത്തിൽ അതിരൂപതാ അവാർഡ് ജേതാവ് ഡോ. ബെറ്റ്സിയെ അഭിനന്ദിച്ചു. വിശ്വാസത്തിനെതിരെ വെല്ലുവിളി ഉയർത്തുന്ന വിവിധ സെക്ടുകളുടെ പ്രവർത്തനങ്ങളിൽ ജാഗരൂകരാകണമെന്ന് അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി. മാർച്ച് ഫോർ ലൈഫ് വിജയിപ്പിക്കാൻ ഏവരും മുന്നിട്ടിറങ്ങണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. സീറോ മലബാർസഭ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനോടൊപ്പമുള്ള റോം സന്ദർശനത്തിന്റെ കാര്യങ്ങൾ ചുരുക്കമായി പ്രതിപാദിച്ചു. കെ. സി. ബി. സി. അവാർഡിനർഹമായ തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ ഘടകത്തെ പ്രത്യേകം അഭിനന്ദിക്കുകയും. ഫൊറോന കൗൺസിൽ ചർച്ചകൾ വിജയകരമാക്കിയതിന് നേതൃത്വം കൊടുത്ത ഫൊറോന വികാരിമാരെയുംഫൊറോന കൗൺസിൽ സെക്രട്ടറിമാരെയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. പൊതുതെരഞ്ഞെടുപ്പ് ഫലവുമായി ബന്ധപ്പെടുത്തി ക്രൈസ്തവ സഭയെയും ക്രിസ്തീയതയെയും നവമാധ്യമങ്ങൾ വഴി അവഹേളിച്ച നടപടി പ്രതിഷേധാർഹമാണെന്ന പ്രമേയം ശ്രീ. ജോയ് മണ്ണൂർ അവതരിപ്പിച്ചത് യോഗം ഐക്യകണ്ഠേന പാസ്സാക്കി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ അംഗങ്ങൾക്ക് നന്ദി പറഞ്ഞു. ഉച്ചകഴിഞ്ഞ് 2 മണിയോടെ യോഗം അവസാനിച്ചു.



**ഫാ. ഡൊമിനിക് തലക്കോടൻ**

ചാൻസലർ & ജനറൽ സെക്രട്ടറി

## 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ മൂന്നാം യോഗം

**2024 സെപ്തംബർ 14 ശനി**

*ചർച്ചാവിഷയം:* **സമുദായശാക്തീകരണം**

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ അയച്ചുതരുന്നതാണ്.



വി. ജോൺ മരിയ വിയാനി
ഓഗസ്റ്റ് 04



വി. ഏവുപ്രാസ്യ
ഓഗസ്റ്റ് 29



2024 ജൂലൈ 13ന് നടന്ന തൃശ്ശൂർ അതിരൂപതയിലെ
സന്യസ്ത സുവർണ്ണ – രജത ജൂബിലി
ആഘോഷിക്കുന്ന സമർപ്പിതരുടെ സംഗമം

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
KL/CR/TCR/WPP-11/2024-26
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.07.2024
**August - 2024**

# ക്രൈസ്തവ അവകാശദിനം

**2024 ജൂലൈ 03**






ക്രൈസ്തവ അവകാശദിനത്തിൽ
തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെയും
കത്തോലിക്ക കോൺഗ്രസ്സിന്റെയും നേതൃത്വത്തിൽ
അയ്യന്തോൾ പള്ളിയിൽനിന്നും തൃശ്ശൂർ കളക്ട്രേറ്റിലേക്ക്
നടത്തിയ റാലിയും പ്രതിഷേധധർണ്ണയും

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor